## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 23, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--221]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 4583 മുതൽ 4657 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 4658 മുതൽ 4686 വരെ |
| ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി | : 4687 മുതൽ 4726 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 4727 മുതൽ 4770 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 4771 മുതൽ 4803 വരെ |

എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

4583. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, കെ.മുരളീധരൻ
,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് സെന്ററിന് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എന്കിൽ ഏതെല്ലാം അവാർഡുകളാണ് ലഭിച്ചത്;

(സി) എനർജി മാനേജ്മെന്റ് സെന്ററിന്റെ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവാർഡുകൾ ലഭിക്കുവാൻ കാരണമായതെന്നറിയിക്കുമോ?

മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ

4584. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ വിവിധ മേജർ സെക്ഷനുകളിലായി മസ്ദൂർ, ലൈൻമാൻ, ഓവർസിയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട്;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

പുതിയ ജലവൈദ്യുത പദ്ധതി

4585. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ജലവൈദ്യുത പദ്ധതി ആരംഭിയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികൾ എവിടെയൊക്കെ ആരംഭിയ്ക്കുന്നതിനാണെന്ന് വിശദമാക്കുമോ;

(സി) ഇതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിവരിയ്ക്കുമോ;

(ഡി) നിലവിൽ ഏതെങ്കിലും ജലവൈദ്യുത പദ്ധതിയുടെ പണി നടക്കുന്നുണ്ടോ ; എങ്കിൽ എവിടെ; ഏതു ഘട്ടം വരെയായി ?

<u>വൈദ്യുതി ബോർഡ് ജീവനക്കാർ</u>

4586. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ചിറ്റയം ഗോപകുമാർ
,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ ഇതര കമ്പനിയാക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് നല്കിയിരുന്ന സർക്കാർ കമ്പനി ആനുകൂല്യങ്ങൾ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ ;

(ബി) കെ. എസ്. ഇ .ബി എന്ന പുതിയ കമ്പനിയിൽ പബ്ലിക് സർവ്വീസ് കമ്മീഷനെ മറികടന്ന് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

4587. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1/7/2011 -ലെ കണക്ക് പ്രകാരം ഗാർഹിക വൈദ്യുതി നിരക്ക് എത്രയായിരുന്നു ;

(ബി) 1/6/2015 ലെ കണക്ക് അനുസരിച്ച് ഇത് എത്രയായിരുന്നു ;

(സി) 1/7/2011 ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടം ഉണ്ടായിരുന്നു ;

(ഡി) 1/7/2011 ൽ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര രൂപ കുടിശ്ശിക ലഭിക്കുവാനുണ്ടായിരുന്നു ;

(ഇ) 1/6/2015 ലെ കണക്ക് പ്രകാരം ബോർഡിന് എത്ര രൂപ കടമുണ്ട് ;

(എഫ്) 1/6/2015 ലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ എത്ര കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട് ; കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് സഹിതം വിശദാംശം നൽകാമോ ?

<u>വൈദ്യുതി ഉല്പാദനത്തിന് ആവശ്യമായ കാറ്റാടി യന്ത്രങ്ങൾ</u>

4588. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, ഇടുക്കി ജില്ലകളിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വൈദ്യുതി ഉല്പാദനത്തിനായി സ്ഥാപിച്ചിട്ടുളള കാറ്റാടി യന്ത്രങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം ആർക്കെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി പാട്ടത്തിനെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികളിൽ നിന്നും ഭൂമിയെടുത്തിട്ടുങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ</u>

4589. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണത്തിനും പാരമ്പര്യേതര ഊർജ്ജവിനിയോഗത്തിനും അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ?

(ബി) ഈ ഉദ്ദേശത്തോടെ അനെർട്ടിന്റെ ചുമതലയിൽ പുരോഗതിയിൽ ഇരിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനായി സർക്കാർ നൽകിയിട്ടുള്ള തുക എത്രയെന്നും ഏതെല്ലാം ഇനങ്ങളിലെന്നും വ്യക്തമാക്കുമോ;

(സി) അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവലോകനം ചെയ്യുന്നതിന് സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ബോണ്ടുകളും എഗ്രിമെൻറുകളും വയ്ക്കുന്നതിനുള്ള ഫീസ്</u>

4590. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി ബോണ്ടുകളും എഗ്രിമെൻറുകളും വയ്ക്കുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ബുദ്ധിമുട്ടുകളിൽ നിന്നും ജനങ്ങളെ സഹായിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ;

(സി) ഇത്തരം എഗ്രിമെൻറുകൾക്ക് ഒരു മിനിമം ഫീസ് മാത്രം ഈടാക്കി ഒരു നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയാൽ ജനങ്ങൾക്ക് സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; അതിന് സാധ്യമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

4591. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഡി.ഡി.യു.ജി .ജെ.വൈ പദ്ധതി</u>

4592. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ഡി.യു.ജി .ജെ.വൈ.(Deendayal Upadhyaya Gram Jyoti Yojana) പ്രകാരം ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികൾ എതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജോലികൾ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>കെ.എസ്.ഇ. ബി. പെൻഷനും ശമ്പളവും</u>

4593. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി. പെൻഷൻ ഇനത്തിൽ ഓരോ മാസവും എത്ര തുക ചെലവാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; പെൻഷൻ വാങ്ങുന്ന ആൾക്കാർ എത്ര ;

(ബി) ശമ്പള ഇനത്തിൽ കെ.എസ്.ഇ. ബി. മാസം എത്ര കോടി രൂപ ചെലവഴിക്കുന്നു ; വിശദമാക്കുമോ ?

<u>കെ.എസ്.ഇ.ബി .യുടെ വികസന പ്രവൃത്തികൾ</u>

4594. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ ചടയമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ വികസന പ്രവൃത്തികൾ വിശദമാക്കാമോ; ഇപ്പോൾ നടപ്പിലാക്കിവരുന്നതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

<u>കെ.എസ്.ഇ.ബി .കാഷ്യർമാരുടെ ഒഴിവുകൾ</u>

4595. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ കാഷ്യർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പല മേജർ സെക്ഷൻ ഓഫീസുകളിലും ലൈൻമാൻ, മസ്ദൂർ എന്നീ തസ്തികകളിൽ നിന്നും വർക്ക് അറേഞ്ച്മെന്റ് പ്രകാരം കാഷ്യർമാരെ നിയമിക്കുന്നതുകൊണ്ട് മസ്ദൂർ, ലൈൻമാൻ എന്നിവർ ചെയ്യേണ്ട ഫീൽഡ് ജോലിക്ക് മതിയായ ജീവനക്കാർ ഇല്ലാതെ വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാഷ്യർമാരുടെ ഒഴിവുകൾ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

<u>കെ.എസ്.ഇ.ബി ക്ക് കീഴിലുള്ള പോൾകാസ്റ്റിംഗ് യൂണിറ്റുകൾ</u>

4596. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര പോൾകാസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ എന്നാണ് ഈ യൂണിറ്റ് ആരംഭിച്ചത് ; യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ യൂണിറ്റ് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) വയനാട്ടിലെ യൂണിറ്റിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത് ; യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിൽ ജീവനക്കാർക്ക് പകരം നിയമനം നൽകിയിട്ടുണ്ടോ ?

<u>കെ.എസ്.ഇ.ബി. യിലെ കാഷ്യർ തസ്തികയിലെ ഒഴിവുകൾ</u>

4597. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ കാഷ്യർ തസ്തികയിലുള്ള ഒഴിവുകളെത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) തസ്തിക പുനർനിർണ്ണയത്തെക്കുറിച്ച് പഠനം നടക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്താത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കെ.എസ്.ഇ.ബി. സെക്ഷന്‍ ഓഫീസുകളുടെ വിഭജനം

4598. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷന്‍ ഓഫീസുകള്‍ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം മാനദണ്ഡങ്ങളില്‍ ഇളവുനല്‍കി ഏതെങ്കിലും സെക്ഷന്‍ ഓഫീസുകള്‍ വിഭജിച്ചിട്ടുണ്ടോ; എങ്കില്‍ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കോറൂര്‍ സെക്ഷന്‍ വിഭജിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി.ക്ക് ദേശീയ അവാര്‍ഡ്

4599. ശ്രീ.ലൂഡി ലൂയിസ്

,, കെ.ശിവദാസന്‍ നായര്‍

,, എം.പി.വിന്‍സെന്‍റ്

,, വര്‍ക്കല കഹാര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മികച്ച ഊര്‍ജ്ജ സംരക്ഷണ പ്രചരണ പ്രവര്‍ത്തനങ്ങള്‍ക്കായി വിതരണ കമ്പനികള്‍ക്ക് നല്‍കുന്ന ദേശീയ അവാര്‍ഡ് ഈ സര്‍ക്കാരിന്‍റെ കാലത്ത് കെ.എസ്.ഇ.ബി. കരസ്ഥമാക്കിയിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.യുടെ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഈ അവാര്‍ഡ് ലഭിക്കുന്നതിന് അര്‍ഹമാക്കിയത്;

(സി) പ്രസ്തുത അവാര്‍ഡിന്‍റെ മാനദണ്ഡള്‍ എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

നോ ലോഡ് ഷെഡിംഗ് കാമ്പയിന്‍

4600. ശ്രീ.കെ.ശിവദാസന്‍ നായര്‍

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കന്‍

,, ടി.എന്‍. പ്രതാപന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നോ ലോഡ് ഷെഡിംഗ് കാമ്പയിന്‍ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാന്‍ ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം

4601. ശ്രീ.ഡൊമിനിക് പ്രസന്‍റേഷന്‍

,, വി.റ്റി.ബല്‍റാം

,, വി.ഡി.സതീശന്‍

,, ടി.എന്‍. പ്രതാപന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്‍റെ കാലത്ത് കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നിയമം നടപ്പാക്കുന്നത് വഴി കൈവരിക്കുവാന്‍ ഉദ്ദേശിച്ചത്;

(സി) എസ്കലേറ്ററുകളുടേയും ബന്ധപ്പെട്ട ഉപകരണങ്ങളുടെയും സുരക്ഷിതമായ പ്രവര്‍ത്തനം ക്രമീകരിക്കുന്നതിന് ഈ നിയമം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്;

(ഡി) ഈ നിയമം നടപ്പാക്കുന്നതിന് ഇലക്ട്രിക്കല്‍ ഇന്‍സ്പെക്ടറേറ്റ് വകുപ്പ് എന്തെല്ലാം നടപടികളാണ്

കൈക്കൊണ്ടിട്ടുള്ളത്?

ആർ.എ.പി.ഡി.ആർ.പി .

4602. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എ.പി.ഡി.ആർ.പി (Restructured Accelerated Power Development and Reforms Programme )പദ്ധതിയിൽ പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പൂർണ്ണമായും മുൻസിപ്പാലിറ്റികളെ മാത്രമാണോ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മുൻസിപ്പാലിറ്റികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷമാണ് പദ്ധതി അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി

4603. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി (DDUGJY) യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഡി.ഡി.യു.ജി.ജെ.വൈ പദ്ധതി അസംബ്ലി നിയോജക മണ്ഡല അടിസ്ഥാനത്തിലാണോ നടപ്പാക്കുന്നതെന്നും ഇതിനായി സംസ്ഥാനത്തിന് ആകെ എത്ര കോടി രൂപയാണ് അനുവദിക്കുന്നതെന്നും ഓരോ നിയോജക മണ്ഡലത്തിലും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുമെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പ്രസ്താവിച്ച പദ്ധതിയുടെ കാലാവധിയും നടത്തിപ്പും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ സമ്പൂർണ വൈദ്യുതീകരണത്തിനായി ഡി.ഡി.യു.ജി.ജെ.വൈ പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ?

കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

4604. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേടായ വൈദ്യുതി മീറ്റർ മാറ്റി സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേടായ മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് എറണാകുളം ജില്ലയിൽ ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(സി) മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിൽ കേടായ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

പുതിയ ശ്രോതസ്സുകൾവഴി വൈദ്യുതി

4605. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം പരിഹരിക്കാനായി ഏതെല്ലാം ശ്രോതസ്സുകളിൽ നിന്നും എന്തു തുക യൂണിറ്റിന് നൽകി വൈദ്യുതി ലഭ്യമാക്കാനും, സംസ്ഥാനത്തുനിന്നുള്ള ഏതെല്ലാം പുതിയ/ വിപുലീകരിച്ച ശ്രോതസ്സുകൾ വഴി

വൈദ്യുതി ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചു എന്ന് 2011 മുതൽ 2015 വരെ നടത്തിയ പ്രവർത്തനങ്ങൾ വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിനായി 2011 മുതൽ 2015 വരെ ഓരോവർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചു എന്നും എത്ര തുക സംസ്ഥാന സർക്കാർ ചെലവാക്കി എന്നും എത്ര തുക വിവിധ സ്ഥാപനങ്ങളിൽ നിന്നും (സ്ഥാപനം തിരിച്ചും പലിശ എത്ര എന്നും) വായ്പയെടുത്തു എന്നും എന്നുമുതലാണ് പ്രസ്തുത വായ്പ അടച്ചു തുടങ്ങേണ്ടത് എന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി സംസ്ഥാനത്തെത്തിക്കാൻ ഉപയോഗിക്കുന്ന അന്തർ സംസ്ഥാന കോറിഡോറിലെ പ്രശ്നങ്ങൾ മൂലം 2011 മുതൽ 2015 വരെ തടസ്സങ്ങൾ നേരിട്ടുവോ എന്നും എങ്കിൽ അതുമാറ്റി വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിച്ചു എന്നും ചെലവായ തുകയെത്രയെന്നും നാളിതുവരെ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ?

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

4606. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

<u>അരൂർ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ</u>

4607. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ നിലവിലുള്ള കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്;

(സി) ഓരോ സെക്ഷനിലും ഉള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ഡി) ആലപ്പുഴ സർക്കിളിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ഉള്ള സെക്ഷൻ ഏതാണ്;

(ഇ) കുത്തിയതോട് സെക്ഷൻ വിഭജിച്ച് ഒരു പുതിയ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>വയനാട് ആരംഭിക്കുന്ന മീറ്റർ റീഡിങ്ങ് ലാബ്</u>

4608. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിനു കീഴിൽ മീറ്റർ റീഡിങ്ങ് ലാബ് അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ലാബിന്റെ പണി പൂർത്തിയാക്കാത്തതിനു കാരണം വ്യക്തമാക്കുമോ ?

<u>എളനാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്</u>

4609. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെടുത്താവുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് പറയാമോ;

(ബി) ചേലക്കര മണ്ഡലത്തിലെ ചേലക്കര, പഴയന്നൂർ സെക്ഷൻ ഓഫീസുകൾക്കു കീഴിൽ എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര ഉപഭോക്താക്കൾ ഉണ്ട്;

(സി) ചേലക്കര മണ്ഡലത്തിൽ പുതുതായി എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം എളനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ചെറുകിട ജല വൈദ്യുതി നയം

4610. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജല വൈദ്യുതി നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുന്നത്;

(സി) ഈ നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേന്ദ്ര വൈദ്യുതി വിഹിതം

4611. ശ്രീ.പി.തിലോത്തമൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ഇ.ചന്ദ്രശേഖരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് സൗകര്യം ഒരുക്കണമെന്നാണ് കേന്ദ്ര നിർദ്ദേശമെന്നു വ്യക്തമാക്കുമോ;

(ബി) പുതിയ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമി ആവശ്യമായിട്ടുണ്ട്;ഈ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര വിഹിതമായി അനുവദിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## എനർജി സ്മാർട്ട് സ്കൂൾ പ്രോഗ്രാം

4612. ശ്രീ.എ.റ്റി.ജോർജ്

,, എം.പി.വിൻസെന്റ്

,, സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഊർജ്ജ സംരക്ഷണത്തിന് എസ്കോ ടീം

4613. ശ്രീ.സണ്ണി ജോസഫ്
,, എം.എ. വാഹിദ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാൻ എസ്കോ ടീമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

വൈദ്യുതി മോഷണം

4614. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാമേറ്റശേഷം തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി മോഷണത്തിന് പിടിക്കപ്പെട്ട വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആകെ എത്ര രൂപയുടെ വൈദ്യുതി മോഷണമാണ് ഇവർ നടത്തിയത് എന്ന് വിശദമാക്കാമോ?

വൈദ്യുതി മോഷണം

4615. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണത്തിന് ചുമത്തിയ ഏറ്റവും കൂടിയ തുക എത്രയെന്നും ഇതിന് കാരണക്കാരനായ ഉപഭോക്താവാരെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതി മോഷണത്തിന് പിഴ ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നവർ നിയമ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ടോയെന്നും എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഏതെങ്കിലും കേസിൽ വൈദ്യുതി ബോർഡിനെതിരായ വിധി ഉണ്ടായിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) വൈദ്യുതി മോഷണം അറിയിക്കുന്ന വ്യക്തികൾക്ക് എന്തെങ്കിലും പാരിതോഷികം നൽകാറുണ്ടോയെന്നും എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ രീതിയിൽ എത്ര തുക ബോർഡ് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

വൈദ്യുതി ലഭ്യത ഉറപ്പ് വരുത്താൻ നടപടികൾ .

4616. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ സർക്കാർ 2011 മുതൽ 2015 വരെ എന്തു നടപടികൾ സ്വീകരിച്ചു ;ഇതിനായി പ്രസ്തുത കാലയളവിൽ ഓരോ വർഷവും ചിലവായ തുക എത്ര;നാളിതുവരെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്താത്ത ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ശബരിഗിരി ജനറേറ്ററിംഗ് സ്റ്റേഷന്റെ പ്രവർത്തനം എത്ര ദിവസം

തടസ്സപ്പെട്ടു എന്നും അതിന്റെ കാരണം എന്ത് എന്നും ആയതു പ്രവർത്തനക്ഷമമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും, ഇതിനായി എത്ര തുക ചിലവാക്കി എന്നും ഇതിന്റെ ഭാഗമായി ശബരിഗിരി, കക്കാട് വൈദ്യുതി പദ്ധതികളിലെ ഉൽപാദനത്തിൽ എത്ര മെഗാവാട്ട് കുറവുണ്ടായി എന്നും വ്യക്തമാക്കുമോ;

(സി) താൽച്ചർ, രാമഗുണ്ടം, കൂടംകുളം ജനറേറ്ററുകളിൽ നിന്നും 2011 മുതൽ 2015 വരെ സംസ്ഥാനത്തിനു ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്ര; എത്ര ലഭിച്ചു; എത്ര കുറവുണ്ടായി; കുറവു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ;വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി 2011 മുതൽ 2015 വരെ എത്ര മെഗാവാട്ട് വൈദ്യുതി ഏതെല്ലാം വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങി എന്നും എന്തു തുക നിരക്കിൽ എന്നും ഇതിനായി എത്ര തുക ചിലവായി എന്നും ആരിൽ നിന്നെല്ലാം വൈദ്യുതി വാങ്ങി എന്നും വ്യക്തമാക്കുമോ;

(ഇ) വൈദ്യുതി ഉല്പാദനത്തിനായി ഈ സർക്കാർ 2011-2015 കാലയളവിൽ ഭരണാനുമതി നൽകിയ ജലവൈദ്യുത/സോളാർ/കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾ എന്തെല്ലാം; ഇവയിൽ ഏതെല്ലാം പ്രവർത്തനം തുടങ്ങി ;ബാക്കിയുള്ളവയുടെ പ്രവർത്തനം എപ്പോൾ തുടങ്ങാനാവും ; വ്യക്തമാക്കുമോ;

(എഫ്) ഇവയുടെ പ്രവർത്തന ചിലവിനായി എത്ര തുക പ്രസ്തുത കാലയളവിൽ കേന്ദ്ര സഹായമായി ലഭിച്ചു; എത്ര ചിലവാക്കി;സംസ്ഥാന സഹായം എത്രയാണ്;ഇവയുടെ പ്രവർത്തനത്തിനായി എത്ര ചിലവായി ;വ്യക്തമാക്കുമോ;

(ജി) ബ്രഹ്മപുരത്തെ ഡീസൽ വൈദ്യുതി നിലയത്തിലെ ഡീസൽ എഞ്ചിൻ ജനറേറ്റർ കേടായത് എന്ന്; ഇത് പരിഹരിക്കാനായി വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ചിലവായ തുക എത്ര ;വ്യക്തമാക്കുമോ?

<u>വൈദ്യുതി വിതരണ കേന്ദ്രങ്ങളിലെ കേടുപാടുകൾ / പൊട്ടിത്തെറികൾ ഒഴിവാക്കൽ</u>

4617. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>വൈദ്യൂതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതികൾ</u>

4618. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യൂതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പുതുതായി എന്തെല്ലാം പദ്ധതികൾ കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയെന്ന് വിവരിക്കാമോ; ഇതിനായി ഓരോവർഷവും നീക്കിവച്ച തുകയെത്രയെന്നും അതിലുണ്ടായ ചെലവെത്രയെന്നും വിവരിക്കാമോ?

<u>സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുമായിച്ചേർന്നുള്ള പദ്ധതി</u>

4619. ശ്രീ.കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സെകി) സംസ്ഥാന ഏജൻസിയുമായിച്ചേർന്നുള്ള സംയുക്തസംരംഭത്തിൽ പങ്കാളിത്തം വഹിക്കേണ്ട ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി)

(സി)

വൈദ്യുതി സെക്ഷൻ ഓഫീസ്

4620. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ആരംഭിച്ച സെക്ഷൻ ഓഫീസുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

കാർഷിക വൈദ്യുതി കണക്ഷൻ

4621. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ 35 സെന്റ് ഭൂമിയിൽ കുറവുള്ളവർക്ക് നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ചെറുകിട കൃഷിക്കാർക്ക് കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി

4622. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ഉള്ള കുടുംബനാഥൻ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് വൈദ്യുതി കണക്ഷൻ മാറ്റി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിയുടെ അപേക്ഷ പരിഗണിച്ച് വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ

4623. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് ;

(ബി) ഓരോ സ്ഥാപനത്തിൽ നിന്നും കെ.എസ്.ഇ.ബി. യ്ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഒരു യൂണിറ്റിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി. ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം കെ.എസ്.ഇ.ബി. പ്രതിമാസം എത്ര രൂപയാണ് ഓരോ സ്ഥാപനത്തിനും ഫിക്സഡ് കോസ്റ്റായി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഒഴികെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നത് ;

(ഇ) ഈ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി. യ്ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ?

<u>വൈദ്യുതി ബോർഡിലെ ജീവനക്കാർ, ശമ്പളം, അപകടങ്ങൾ,സഹായം</u>

4624. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൻ കീഴിൽ എത്ര സ്ഥിരം/താൽക്കാലിക/കരാർ/മറ്റുവിഭാഗം ജീവനക്കാരുണ്ടെന്നും ഇവരിൽ ഓരോ വിഭാഗത്തിനുമായി ശമ്പളമുൾപ്പടെ വിവിധയിനങ്ങളിൽ ഓരോ മാസവും (2015 ജനുവരി മുതൽ ജൂൺ വരെ) ചെലവായ തുക എത്രയെന്നും, കോൺട്രാക്ട് വർക്കുകൾക്കായി നിയോഗിക്കപ്പെട്ട തൊഴിലാളികൾ എത്രയെന്നും ഇവർക്ക് പ്രസ്തുത തൊഴിൽ ചെയ്യുന്നതിനായി എന്തെങ്കിലും ഐഡന്റിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

(ബി) ഇവരിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കൃത്യനിർവ്വഹണത്തിനിടെ അപകട മരണം/ മറ്റു ശാരീരിക അസ്വസ്ഥതയുണ്ടായവർ എത്രയെന്ന് വർഷം തിരിച്ചും അവരിൽ മൃതപ്രായരായി സർക്കാർ സഹായമഭ്യർത്ഥിച്ച് ജീവിക്കുന്നവർ എത്ര എന്ന് ഇനം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ അപകട മരണം സംഭവിച്ചവരുടെ ആശ്രിതർ /ശാരീരിക അസ്വസ്ഥതകൾ നേരിടുന്നവർ/മറ്റു തൊഴിൽ ചെയ്യാനാകാതെ മൃതപ്രായരായി കഴിയുന്നവർ എന്നിവർക്ക് ഓരോ വർഷവും നൽകിയ സഹായം എത്ര; അപകടം വ്യക്തമാക്കി വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതി ലൈൻ പൊട്ടി വീണതു മൂലവും, ലൈനുകൾക്കിടയിൽ ചെന്നു പെട്ടതുമൂലവും അപകടവും മരണവും സംഭവിച്ച മനുഷ്യർ, കന്നുകാലികൾ, വന്യമൃഗങ്ങൾ എത്രയെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇവയിൽ വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥ മൂലമുള്ള സംഭവങ്ങൾ എത്ര; അപകടം അറിഞ്ഞിട്ടും സഹായത്തിനായി എത്താതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ എത്ര; മരണപ്പെട്ടവരുടെ ആശ്രിതർ/ദുരിത ജീവിതം അനുഭവിക്കുന്നവർ എന്നിവരിൽ എത്ര പേർക്ക് ഈ കാലയളവിൽ സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

<u>കൂടംകുളം ആണവോർജ്ജ നിലയം</u>

4625. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ് നാട്ടിലെ കൂടംകുളം ആണവോർജ്ജനിലയം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും സംസ്ഥാന വിഹിതമായി ലഭിക്കേണ്ട വൈദ്യുതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; കേന്ദ്രപൂളിൽ എത്ര വൈദ്യുതിയാണുള്ളത്;

(ബി) സംസ്ഥാനത്തിന് ഇതിൽ അർഹമായത് എത്ര മെഗാവാട്ടാണ്; ഏത് പ്രസരണ ലൈനിലൂടെയാണ് ഈ വൈദ്യുതി കേരളത്തിൽ എത്തിക്കുന്നത്;

(സി) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലൂടെ നേരത്തേ വിഭാവനം ചെയ്തിരുന്ന പവർഗ്രിഡ് കോർപ്പറേഷന്റെ 400 കെ.വി. ലൈൻ ഇതിനായി വലിക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) തൃശ്ശൂരിലെ മാടക്കത്തറ 400 കെ.വി. സബ് സ്റ്റേഷനിലേക്ക് ഈ വൈദ്യുതി എത്തിക്കുന്നതിന്

ബൈപോൾ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എത്ര ഭൂമിയാണ് ആവശ്യമായി വരിക; ഇതിനുള്ള ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) 400 കെ.വി. സബ് സ്റ്റേഷനു സമീപം തന്നെ കെ.എസ്.ഇ.ബി. യുടെ കയ്യിലുള്ളതും സർക്കാർ വക പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമിയുള്ളപ്പോൾ കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര കാമ്പസിലെ 45 ഏക്കർ ഭൂമി കൈമാറേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) മറ്റ് ഭൂമികളുടെ ലഭ്യത കൂടി പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

ചടയമംഗലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ആഫീസുകൾ

4626. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011ജൂൺ മുതൽ 2015 ജൂൺ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. പുതിയ ആഫീസുകൾ ആരംഭിക്കുകയോ നിലവിലുണ്ടായിരുന്നവ വികസിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

4627. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഇത് എപ്പോഴെല്ലാമാണ് ;

(സി) ഓരോ തവണയിലെയും വർദ്ധനവിലൂടെ കെ.എസ്.ഇ.ബി യ്ക്ക് ലഭിച്ച വാർഷിക അധികവരുമാനം എത്രയാണ്; വിശദമാക്കാമോ ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

4628. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതാണെന്നു വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം

4629. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ചുമതലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കാലതാമസം നേരിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാലതാമസം വരുത്തുന്ന വിഷയങ്ങളിൽ അനെർട്ടിൻെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ;

(സി) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി അനെർട്ടിൻെ ചുമതലയിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന സൗര വൈദ്യുതീകരണ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ആയത് എന്തുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നും പറയാമോ?

കാസർകോട് ജില്ലയിൽ സോളാർ പാർക്ക്

4630. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ സോളാർ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതിക്കുള്ള സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വിശദമാക്കാമോ;

(ഡി) എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതികൾക്കായി ഏറ്റെടുക്കുന്നതെന്നും എവിടൊക്കെയാണെന്നും വിശദീകരിക്കാമോ;

(ഇ) ഈ പദ്ധതിപ്രകാരം ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറായമോ?

അമ്പലപ്പുഴ മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

4631. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണ് ; ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണ്; ഇവയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കാമോ?

ബൾബുകൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പഠനം

4632. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബൾബുകളിൽ ഏതെല്ലാം ബൾബുകൾ മനുഷ്യനേത്രങ്ങൾക്ക് രോഗകാരണമാകുമെന്നും, ഫ്യൂസായ ബൾബുകൾ തുറസ്സായ സ്ഥലത്തും വീട്ടു കോമ്പൗണ്ടുകളിലും ഉപേക്ഷിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങൾ എന്തൊക്കെയാണെന്നും ഇതുമൂലം മനുഷ്യ ജീവനുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്നും സംബന്ധിച്ച് വൈദ്യുതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പഠനം നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ദസംഘത്തിന്റെ പഠനത്തിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ബൾബുകളുടെ ഉപയോഗശേഷം ഇവ നശിപ്പിക്കാതെ റോഡുകളിലും വീട്ടുകളിലും നിക്ഷേപിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; അത് ബോർഡ് പരിശോധിച്ചു നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ?

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ

4633. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

4634. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്കു കീഴിൽ ഏതെല്ലാം മേഖലയിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായിട്ട് കെ.എസ്.ഇ.ബി. കണ്ടെത്തിയിട്ടുള്ളത് ;

(ബി) മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

<u>കൊട്ടാരക്കര മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ</u>

4635. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി.സെക്ഷൻ ആഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സെക്ഷന്റേയും പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്;

(സി) നിയോജക മണ്ഡലത്തിൽ പുതിയ സെക്ഷൻ ആഫീസുകൾ ആരംഭിക്കണമെന്ന ശുപാർശ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കൽ</u>

4636. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2006 മുതൽ 2011 വരെ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പുതിയതും മാറ്റം വരുത്തിയതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അത് മുഖേന നല്കിയ പുതിയ വൈദ്യുത കണക്ഷൻ എത്ര എന്നും പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പായ നിയമസഭാ മണ്ഡലങ്ങൾ, റവന്യൂ ജില്ലകൾ ഏതൊക്കെയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതിനായി കേന്ദ്ര സഹായം എത്ര ലഭിച്ചുവെന്നും വൈദ്യുതി വകുപ്പും സംസ്ഥാന സർക്കാരും എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(സി) 2011 മുതൽ 2015 വരെ ഈ സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതുവഴി പ്രസ്തുത പദ്ധതി കൂടുതലായി നടപ്പാക്കിയ നിയമസഭാ മണ്ഡലങ്ങൾ, റവന്യൂ ജില്ലകൾ എന്നിവ ഏതൊക്കെയെന്നും വിശദമാക്കുമോ ;

(ഡി) ഇതിനായി 2011 മുതൽ 2015 വരെ സംസ്ഥാനത്തിനു എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും എത്ര തുക ചെലവാക്കി എന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ ബാക്കിയുള്ള നിയമസഭാ മണ്ഡലങ്ങൾ ഏതെല്ലാമെന്നു ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

4637. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള മതിപ്പ് ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഏതുഘട്ടത്തിലാണെന്നു പറയാമോ?

<u>അരയക്കാപ്പ്,വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം</u>

4638. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ വൈദ്യുതീകരണം നടത്താത്ത അരയക്കാപ്പ്,വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) അതിരപ്പിള്ളി പഞ്ചായത്തിലെ മറ്റു കോളനികളിലെ വൈദ്യുതീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

<u>പാരമ്പര്യേതര ഊർജ്ജ പദ്ധതി</u>

4639. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതി ആകെയുള്ള വൈദ്യുതി ഉല്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

<u>തോട്ടിയാർ ജലവൈദ്യുത പദ്ധതി</u>

4640. **ശ്രീ.എം.എ.ബേബി**
**,, എസ്.രാജേന്ദ്രൻ**
**,, ബി.ഡി. ദേവസ്സി**
**,, സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടിയാർ ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടത് ;

(സി) പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ?

<u>അനെർട്ടിലെ നിയമനങ്ങൾ</u>

4641. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനെർട്ട് എന്ന സ്ഥാപനത്തിൽ എത്ര സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നതെന്ന് മേൽവിലാസം, എണ്ണം എന്നിവ ഉൾപ്പെടെ വിശദമാക്കുമോ;

(സി) ഇവരുടെ ശമ്പള സ്കെയിലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം

4642. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള എഫ്.എ.സി.റ്റി. -യിൽ ആരംഭിക്കുന്ന പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം, വാതകാധിഷ്ഠിത വൈദ്യുതി പദ്ധതികൾ എന്നിവയുടെ പുരോഗതി അറിയിക്കുമോ ; ഇവ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നുള്ള വിശദമായ വിവരം നൽകുമോ ?

## അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി

4643. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണോ കെ.എസ്.ഇ.ബി. ക്കും സംസ്ഥാന സർക്കാരിനുമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുകൂല നിലപാടാണ് ഉള്ളതെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എതിരായി നിലവിലുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ പരിസ്ഥിതികാനുമതിക്കായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തെ വീണ്ടും സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമീപിച്ചത്; എന്തായിരുന്നു മന്ത്രാലയത്തിന്റെ പുതിയ നിലപാട്;

(ഇ) പദ്ധതിക്ക് എതിരായി ഹരിത ട്രൈബ്യൂണലിൽ നിലവിൽ കേസ്സുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## നാളേക്കിത്തിരി ഊർജ്ജം പദ്ധതി

4644. ശ്രീ.കെ.മുരളീധരൻ

,, എം.പി.വിൻസെന്റ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളേക്കിത്തിരി ഊർജ്ജം പരിപാടി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ നിയമനം

4645. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി. യിൽ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; എങ്കിൽ എന്ന് എന്നറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് ലഭിച്ച അംഗീകാരങ്ങൾ

4646. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, എം.എ. വാഹീദ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചത് ;

(സി) പ്രസ്തുത അംഗീകാരങ്ങൾ ലഭിക്കുവാൻ വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കുമോ ?

## സൗജന്യവൈദ്യുതി കണക്ഷൻ

4647. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നല്കിയിട്ടുള്ള സൗജന്യ വൈദ്യുതി കണക്ഷനുകളുടെ വിശദാംശം ജില്ല തിരിച്ച് നൽകാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ സൗജന്യ വൈദ്യുത കണക്ഷൻ ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാനുണ്ട് ?

## ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

4648. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് പ്രകാരം എന്നത്തേയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി യഥാസമയത്ത് പൂർത്തിയാക്കാത്തതുമൂലം എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

## ഊർജ്ജോല്പാദനവും ഉപഭോഗവും

4649. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസത്തെ ഉപഭോഗത്തിനാവശ്യമായ ഊർജ്ജം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എല്ലാത്തരം ഉപഭോക്താക്കൾക്കുമായി എത്ര വൈദ്യുതി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) 1/6/2015 ലെ കണക്കു പ്രകാരം കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള വിവിധതരം പദ്ധതികളിൽ നിന്നുമായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

## സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം

4650. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജത്തിൽ നിന്ന്എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചുവരുന്നത് ; പ്രസ്തുത പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

### വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ധനസഹായം

4651. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും കെ.എസ്.ഇ.ബി .നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

### പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശിക

4652. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശികയിൽ ഗാർഹിക ഉപഭോക്താക്കളുടെ ബിൽ കുടിശ്ശിക എത്ര; കോമേഴ്സൽ ആൾക്കാരുടെ കുടിശ്ശിക എത്ര; വൻകിട വ്യവസായികളുടെ കുടിശ്ശിക എത്ര; ഇവകൾ പ്രത്യേകമായി വിവരിയ്ക്കുമോ ;

(ബി) ഏറ്റവും കൂടുതൽ ബിൽ കിടിശ്ശികയായുള്ള പ്രൈവറ്റ് സ്ഥാപനം ഏതാണ്;

(സി) ഇവർക്കെതിരെ വൈദ്യുതി വിഛേദിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

### കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതബന്ധത്തിന്റെ വിനിയോഗം

T 4653. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ, ഈ സർക്കാർ കാലയളവിൽ, വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്നു അറിയിക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ ചേർത്തല താലൂക്കിലുള്ള വൈദ്യുതി കണക്ഷനുകൾ എത്രയെന്ന് അറിയിക്കാമോ ; വൈദ്യുതി കണക്ഷൻ ലഭിച്ചവർ കാലാകാലങ്ങളായി കൃഷി ചെയ്യുന്നവരാണോ എന്നും ഉല്പാദനം നടത്തുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വൈദ്യുതി വകുപ്പിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ ;

(സി) ഇവരിൽ കൃഷി അവസാനിപ്പിച്ചു എന്ന് ബോധ്യപ്പെട്ടതുമൂലവും വൈദ്യുതി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് കണ്ടെത്തിയതുമൂലവും കണക്ഷൻ വിച്ഛേദിച്ചതും പിഴ ഈടാക്കിയതുമായ എത്ര കേസുകൾ സംസ്ഥാനത്താകമാനം ഉണ്ടെന്ന് അറിയിക്കാമോ?

### ശബരി റെയിൽപാത

4654. **ശ്രീ.വി.എസ്.സുനിൽ കുമാർ**

**,,** ജി.എസ്.ജയലാൽ

**,,** മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശബരി പാത പ്രഖ്യാപിച്ചത് എന്നാണ്; എത്ര കോടിയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്; ഇതിനായി റെയിൽവേ ഇതിനകം എത്ര കോടി ചെലവഴിച്ചു; ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ശബരി പാത എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നു വിശദമാക്കുമോ?

ശബരി റെയിൽപ്പാത

4655. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.സി.കൃഷ്ണൻ
,, പി.ടി.എ. റഹീം
,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയ്ക്കായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ആദ്യസർവ്വേ നടത്തുന്ന സമയത്ത് പദ്ധതിയുടെ നിർമ്മാണ ചെലവ് എത്ര യെന്നാണ് കണക്കാക്കിയിരുന്നത്;

(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് എത്രയാകുമെന്നാണ് കരുതുന്നത്?

റെയിൽവേ മന്ത്രാലയം കാട്ടുന്ന അവഗണന

4656. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുകൂടി സർവ്വീസ് നടത്തുന്ന ട്രെയിനുകളുടെ ബോഗികൾ റിപ്പയറിംഗിനയച്ചാൽ പലപ്പോഴും അയച്ചതിനേക്കാൾ പഴയതോ ഗുണനിലവാരമില്ലാത്തതോ ആയ ബോഗികളാണ് തിരിച്ചെത്തിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) റിപ്പയറിംഗിനയച്ച മെമു വണ്ടി മുഴുവനായിത്തന്നെ മാറ്റിയതായും ഇതിനുപകരം പാസഞ്ചറായി ഓടിക്കൊണ്ടിരുന്ന ട്രെയിൻ, സർവ്വീസ് നടത്തുന്നതായ വസ്തുത കണക്കിലെടുത്തിട്ടുണ്ടോ;

(സി) റെയിൽവേ മന്ത്രാലയം കേരളത്തോട് കാട്ടുന്ന ഈ അവഗണനക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ തീവണ്ടിപ്പാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

4657. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതൊക്കെ പുതിയ തീവണ്ടി പാതകൾക്ക് സ്ഥലം ഏറ്റെടുത്ത് നൽകാമെന്നാണ് അറിയിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ആയതിന്റെ തുടർ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇക്കഴിഞ്ഞ കേന്ദ്ര റെയിൽവേ ബജറ്റിൽ കേരളത്തിലെ ഏതൊക്കെ പുതിയ പാതകൾക്കാണ് തുക നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കാഞ്ഞങ്ങാട് - പാണത്തൂർ - കണിയൂർ പാത യാഥാർത്ഥ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന കാസർഗോഡ് എം.പി. ശ്രീ.പി.കരുണാകരന്റെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

"എന്റെ സംഘം"കാമ്പയിൻ

4658. ശ്രീ.വി.ഡി.സതീശൻ
,, എ.റ്റി.ജോർജ്
,, പി.എ.മാധവൻ
,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ "എന്റെ സംഘം" കാമ്പയിൻ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് വഴി സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ?

<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനം</u>

4659. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത് ; തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ സ്വീകരിച്ച നടപികൾ വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നാണ് ലഭിച്ചത്; പ്രസ്തുത ലിസ്റ്റിൽ നിന്നും കൂടിക്കാഴ്ച നടത്തി നിയമനം നൽകാത്തതിന് കാരണം വ്യക്തമാക്കാമോ;

(ഡി) കരാറടിസ്ഥാനത്തിൽ എത്ര അഗ്രികൾച്ചറൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്; ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ എത്ര ഗസ്റ്റ്റൂം കീപ്പറെ നിയമിച്ചിട്ടുണ്ട്; ഏത് മാനദണ്ഡപ്രകാരമാണ് ഇവരെ നിയമിച്ചതെന്ന വ്യക്തമാക്കാമോ;

(എഫ്) ഗസ്റ്റ് റൂം കീപ്പർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എത്ര പേർക്ക് ഇങ്ങനെ പ്രമോഷൻ നൽകി; വ്യക്തമാക്കാമോ;

(ജി) പി.എസ്.സി. മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള പ്യൂൺ തസ്തികയിൽ ഗസ്റ്റ് റൂം കീപ്പർമാർക്ക് പ്രൊമോഷൻ നൽകിയത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

<u>സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ</u>

4660. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2011-2012, 2012-13, 2013-2014, 2014-2015 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ അനുവദിച്ച കാർഷിക വായ്പ എത്ര ; എത്ര പേർക്ക് വായ്പ അനുവദിച്ചു ; വർഷം തിരിച്ച് ജില്ലയിലെ സ്ഥാപനം തിരിച്ച് ഓരോ സ്ഥാപനത്തിൽ നിന്നും എത്ര പേർക്ക് എന്നത് പ്രത്യേകം വിശദമാക്കാമോ ?

<u>സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

4661. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന പണം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>സഹകരണ നിക്ഷേപ രംഗത്ത് പുതിയ പ്രവർത്തനങ്ങൾ</u>

4662. ശ്രീ.പാലോട് രവി
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിക്ഷേപ രംഗത്തെ ഉണർവിനായി പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത്; വിശദമാക്കുമോ;

(ഡി) ഇതു വഴി സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

<u>സഹകരണ മേഖലയിലെ നിക്ഷേപ സുരക്ഷ</u>

4663. ശ്രീ.ആർ . സെൽവരാജ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനുള്ള കർമ്മ പരിപാടികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത്; വിശദമാക്കുമോ;

(ഡി) ഇത് മുഖേന സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്?

<u>സഹകരണ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ</u>

4664. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്നു മുതൽ പ്രാബല്യത്തിൽ വന്നതാണ്;

(ബി) പ്രസ്തുത പാറ്റേൺ നിലവിൽ വന്ന കാലത്ത് സഹകരണ വകുപ്പിൻ കീഴിൽ ഉള്ള സഹകരണ സ്ഥാപനങ്ങൾ എത്രയായിരുന്നു ; ഇപ്പോൾ നിലവിലുള്ളത് എത്ര ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വെൽഫയർ സൊസൈറ്റികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) സഹകരണ വകുപ്പിലെ ജോലി വ്യാപ്തി അനുസരിച്ച് മതിയായ ജീവനക്കാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി</u>

4665. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് വഴി സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങളിലെ ലൈബ്രറികൾ</u>

4666. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ പ്രാഥമിക-ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളിലാണ് ലൈബ്രറികൾ ആരംഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) സഹകരണ സംഘങ്ങളിൽ ആരംഭിച്ചിട്ടുള്ള ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ലൈബ്രറി കോൺഫറൻസുകൾ ഉൾപ്പെടെയുള്ള സമ്മേളനങ്ങൾ നടത്തിയിട്ടും പല സംഘങ്ങളും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരു നിശ്ചിത തുക സംഘം ബജറ്റിൽ വകകൊള്ളിക്കാതിരിക്കുകയും ചെയ്തുവരുന്നതിനെക്കുറിച്ച് അന്വേഷിക്കാമോ ;

(സി) സംഘം ലൈബ്രറികളിൽ യഥാസമയം പുസ്തകങ്ങൾ വാങ്ങുവാനും അത് സംഘവുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നുവെന്ന് ഉറപ്പുവരുത്തുവാനും വകുപ്പിലെ ജില്ലാ-താലൂക്ക് തല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ ;

(ഡി) രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയ്ക്ക് മറക്കാനാവാത്ത സംഭാവന നൽകിയ മൺമറഞ്ഞ മഹാരഥൻമാരെക്കുറിച്ചുള്ള പുസ്തകങ്ങൾ പല ലൈബ്രറികളും വാങ്ങാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

<u>സഹകരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്</u>

4667. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ സ്വന്തം ബിസിനസ്സ് ആവശ്യാർത്ഥം ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വ്യാജ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമികച്ചവടം</u>

4668. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ റീജിയണൽ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പത്തനംതിട്ടയിൽ സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമി വിലയ്ക്ക് വാങ്ങി; ഒരു സെന്റ് ഭൂമിക്ക് എത്ര രൂപ വിലയായി; വ്യക്തമാക്കുമോ;

(ബി) ഭൂമി വാങ്ങുന്ന അവസരത്തിൽ ബാങ്ക് നേരിട്ട് തഹസിൽദാരിൽ നിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നോ; കോഴഞ്ചേരി തഹസിൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വസ്തുവിന് കണക്കാക്കിയ വില സെന്റൊന്നിന് എത്ര രൂപയായിരുന്നു;

(സി) ഈ ഇടപാടിൽ ഇടനിലക്കാർ ഉണ്ടായിരുന്നോ; ഇടനിലക്കാർ വ്യാജമായി നിർമ്മിച്ച് നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമി കച്ചവടം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി കച്ചവടത്തിലെ വെട്ടിപ്പിലും വ്യാജരേഖ ഉണ്ടാക്കിയതിലും അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത അഴിമതി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

<u>സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്</u>

4669. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് ലഭിക്കാത്തതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതി ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) ഇങ്ങനെയുള്ള പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളുന്ന സഹകരണ വായ്പകൾ</u>

4670. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ ബാങ്ക് വായ്പകളിൽ റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളുന്നതിന് അർഹത നേടിയ കേസുകൾ എത്രയെന്ന വ്യക്തമാക്കാമോ;

(ബി) ഒരു വായ്പ റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഭർത്താവിന്റെ പേരിൽ എടുത്തിരുന്ന സഹകരണ വായ്പ അദ്ദേഹത്തിന്റെ മരണശേഷം റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടും ഈ ആനുകൂല്യം ലഭ്യമാക്കാത്ത കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഇത്തരം കേസുകളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

4671. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കർഷകർക്ക് കടാശ്വാസ കമ്മീഷൻ നൽകിയ ഉത്തരവിന്മേൽ സഹകരണ ബാങ്കുകൾ കടാശ്വാസം നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ നിക്ഷേപം</u>

4672. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; അതിന്റെ പലിശനിരക്ക് എത്രയാണ്;

(സി) പഞ്ചാബ് നാഷണൽ ബാങ്കിൽ മിച്ച ഫണ്ട് നിക്ഷേപിച്ച ദിവസം തന്നെ മറ്റു ബാങ്കുകളിൽ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുണ്ടോ; പലിശനിരക്ക് എത്രയാണ്; വിശദാംശം നൽകുമോ;

(ഡി) നിക്ഷേപം നടത്തുമ്പോൾ ഉയർന്ന പലിശനിരക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കുകളെ സുതാര്യമായ നിലയിൽ കണ്ടെത്തുന്നതിനു പകരം കുറഞ്ഞ പലിശ നിരക്കിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ പണം നിക്ഷേപിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി, കുറ്റക്കാർക്കെതതിരെ നടപടി സ്വീകരിക്കുമോ; ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുമോ; വ്യക്തമാക്കാമോ?

<u>മുഖാമുഖം -സഹകാരി ജനസമ്പർക്ക പരിപാടി</u>

4673. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ

,, പാലോട് രവി

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണമേഖലയിൽ മുഖാമുഖം -സഹകാരി ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത്; വിശദമാക്കുമോ;

(ഡി) ഇത് വഴി സഹകരണമേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

<u>ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടമാരുടെ ഒഴിവുകൾ</u>

4674. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ വർദ്ധനവിനനുസരിച്ച് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം നല്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

റിസ്ക് ഫണ്ട് പദ്ധതി

4675. ശ്രീ.റ്റി.എ.അഹമ്മദ് കബീർ
,, സി.മമ്മൂട്ടി
,, വി.എം.ഉമ്മർ മാസ്റ്റർ
,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ നടപ്പാക്കിയ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും ആശ്വാസം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും വിധം പ്രസ്തുത ഫണ്ട് നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

കണ്ണൂർ ജില്ലയിലെ പുതിയ പ്രാഥമിക സഹകരണ സംഘങ്ങൾ

4676. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കയാണെന്ന് അറിയിക്കാമോ;

(ബി) എത്ര പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുതുതായി ശാഖകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കയാണെന്നും വിശദമാക്കാമോ ?

പ്രാഥമിക സഹകരണസംഘങ്ങളും ബാങ്കുകളും ആധുനിക വൽക്കരിക്കുന്നതിന് നടപടി

4677. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും ആധുനിക വൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള എത്ര ബാങ്കുകൾ പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിച്ചിട്ടുണ്ടെന്ന് പട്ടിക സഹിതം വ്യക്തമാക്കാമോ ;

(സി) ശേഷിക്കുന്നവ കംപ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ

4678. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ</u>

4679. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള ബാങ്കുകളിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ എത്ര രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുകയുണ്ടായി ; ഏതു വർഷം വരെയുള്ള വായ്പകളാണ് എഴുതിതള്ളിയതെന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ ബാങ്കുകളിലെ പ്രസ്തുത വിഭാഗങ്ങൾക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുമോ ; ഇതിനുള്ള പലിശ സബ്സിഡി വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിലുള്ള വായ്പകൾ സഹകരണ ബാങ്കുകൾ വഴി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്</u>

4680. **ശ്രീ.കെ.ശിവദാസൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. 24/05/2006ൽ കാറ്റ. നം. 20/2006 പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്ക് ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ജില്ലാ സഹകരണ ബാങ്കിന് എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു; വ്യക്തമാക്കുമോ;

(ബി) 30/09/2014ൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് എത്ര ബ്രാഞ്ച് ഓഫീസുകൾ ഉണ്ട്;

(സി) പുതുതായി രൂപീകരിച്ച ശാഖകളിൽ ഓരോന്നിലും എത്ര ജീവനക്കാർ വീതമുണ്ട്; ഓരോ തസ്തികയുടെ പേരും, ഓരോ ശാഖയുടെ പേരും നൽകാമോ;

(ഡി) 23/05/2013ലെ WP(C)No. 11995 ലെ ഓർഡർ പ്രകാരം സ്റ്റേ ചെയ്ത 22 ഒഴിവുകളിലെ നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; ഏതു തരത്തിലായിരിക്കും പ്രസ്തുത തസ്തികയിൽ നിയമനം നടത്തുക;

(ഇ) 06/01/2015ൽ പി.എസ്.സി.യിൽ നിന്ന് ശിപാർശ അയച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) പാർട്ട് I മുസ്ലീം സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും, എത്ര പേർക്ക് നിയമനം നൽകി ; അവസാനമായി നിയമനം ലഭിച്ച വ്യക്തിയുടെ പേരും ക്രമനമ്പറും, നിയമനം നൽകിയ തീയതിയും വിശദമാക്കുമോ ;

(ജി) 24/05/2006 ന് ശേഷം 30/09/2014 വരെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ; ഏതെല്ലാം തസ്തികകൾ ; 2014 ഒക്ടോബർ ,നവംബർ മാസങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് വന്നിട്ടുണ്ട് ; വിശദാംശം നൽകാമോ ?

സബ്സിഡിയിനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ

T 4681. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ സബ്സിഡി ഇനത്തിൽ 2011 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ചെലവിട്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

ബജറ്റിലെ **100-**ാം ഇനത്തിലെ വിവിധ പദ്ധതികൾ

4682. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 100 -ാം ഇനമായി 85.39 കോടി രൂപ വിവിധ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ളതായി കാണുന്നു. എന്തെല്ലാമാണ് ഈ വിവിധ പദ്ധതികൾ ;വിശദവിവരങ്ങൾ നൽകുമോ?

ഖാദി മേഖലയിൽ കർമ്മ പദ്ധതികൾ

4683. ശ്രീ.എം.പി.വിൻസെൻറ്

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിലെ വരുമാന പൂരക പദ്ധതിയനുസരിച്ച് ഖാദി മേഖലയിൽ കർമ്മ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത്; വിശദമാക്കാമോ;

ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ സംരംഭകത്വ പദ്ധതി

4684. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ വകുപ്പ് തൊഴിൽ രഹിതരായ യുവാക്കൾക്ക് വേണ്ടി ആരംഭിച്ച സംരംഭകത്വ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതിയനുസരിച്ച് എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ?

ഖാദി തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്

4685. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് 2014-15 വർഷം മുതൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>പരമ്പരാഗത ഗ്രാമവ്യവസായങ്ങൾ</u>

4686. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഗ്രാമവ്യവസായങ്ങൾക്കാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്നും വിശദമാക്കാമോ ;

(സി) ഇത്തരം വ്യവസായങ്ങളുടെ വായ്പാ തുക എഴുതി തള്ളുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതെന്താണെന്നും ഈ സർക്കാർ വന്ന ശേഷം എന്തു തുക അതുപ്രകാരം എഴുതിത്തള്ളി എന്നും വ്യക്തമാക്കുമോ ?

<u>നികുതി കുടിശ്ശികയ്ക്ക് നല്കിയ സ്റ്റേ</u>

4687. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വിവിധ നികുതികൾ വർദ്ധിപ്പിച്ചു ; ഓരോ ഇനത്തിലും വരുത്തിയ വർദ്ധന എത്രയായിരുന്നു ;

(ബി) 31.3.2011 ലെ നികുതിഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നത്തെ (30.6.15) നികുതിഘടന എത്ര ശതമാനം വർദ്ധനവാണ് കാണിക്കുന്നത് ;

(സി) 1.7.2011 മുതൽ 30.6.2015 വരെ നികുതി കുടിശ്ശികയ്ക്ക് എത്ര സ്റ്റേ അനുവദിച്ചു; എത്ര കേസുകൾ; എത്ര രൂപയുടെ സ്റ്റേ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) 1.4.15 ലെ കണക്കിൻ പ്രകാരം എത്ര തുകയുടെ നികുതികുടിശ്ശിക ഉണ്ടായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) 1.4.11 ലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(എഫ്) പ്രസ്തുത കാലയളവിലെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ അനുവദിച്ചുവോ ; എങ്കിൽ എത്ര തുകയ്ക്ക് സ്റ്റേ അനുവദിച്ചു ?

<u>സംയോജിത ചെക്ക് പോസ്റ്റ്</u>

4688. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ ചരക്കുലോറിക്കാർക്കും ചരക്കുമായി വരുന്ന മറ്റ് വാഹനങ്ങൾക്കും ദീർഘനേരം പരിശോധനകൾക്കായി കാത്തുകിടക്കേണ്ടതുമൂലം ചരക്കുനീക്കം സുഗമമല്ലാത്ത സാഹചര്യം നിലവിലുണ്ടോ ;

(ബി) ഈ പ്രശ്നങ്ങൾ ഉന്നയിച്ച് അടിക്കടി ലോറിസമരങ്ങൾ ഉണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ബാധിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താറുണ്ട് ;

(സി) ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കുഗതാഗതം സുഗമമാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾക്കായി കൂടുതൽ ജീവനക്കാരെ നിയോഗിച്ചും അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തിയും ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് തയ്യാറാകുമോ ;

(ഡി) സംയോജിത ചെക്ക് പോസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>പ്രവത്തികളുടെ തുക വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി</u>

4689. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയ പ്രവത്തികളുടെ തുക ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ.എസ്.ഡി.എഫ്. മാതൃകയിൽ ആസ്തി വികസന പദ്ധതിക്കും പ്രത്യേക നിധി രൂപീകരിച്ച് തുക വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>സി.എ.ജി. റിപ്പോർട്ട്</u>

4690. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** കെ.സുരേഷ് കുറുപ്പ്

**,,** പി.കെ.ഗുരുദാസൻ

**,,** കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഭീമമായ കുറവ് വരുന്നതായ സി.എ.ജി. റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വരുമാന കുറവ് പരിഹരിക്കുന്നതിന് പുതിയ നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ നിന്നും കോടിക്കണക്കിന് രൂപ അവശ്യവസ്തുക്കൾക്കടക്കം അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത നടപടിയുടെ ഭാഗമായി എന്ത് മാറ്റം വരുത്താനായി എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>എം.എൽ.എ ആസ്തി വികസന സ്കീമിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

T 4691. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ എ.ഡി.എസ് (ആസ്തി വികസന പദ്ധതി ) ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി, നിർമ്മാണം ആരംഭിച്ച തീയതി എന്നിവ വിശദമാക്കാമോ?

നേമം നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

4692. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധ പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന്റെ ഇപ്പോഴുള്ള സ്ഥിതിയും പുരോഗതിയും വിശദമാക്കുമോ ?

ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതിക ൾ

4693. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എം എൽ എ മാർ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്യുന്ന ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏല്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചേലക്കര മണ്ഡലത്തിൽ 2014- 2015 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വിതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിരുന്ന ആലംകോട്ട് കുന്ന് കുടിവെള്ള പദ്ധതി , പാറപ്പുറം കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവ്വഹണം തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എം എൽ എ നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഈ പ്രദേശങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പദ്ധതികൾ ആകയാൽ ഇവ രണ്ടും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പിനെ കൊണ്ട് നിർവ്വഹണം നടത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിനിർവ്വഹണം

4694. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണം ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ, സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിലെ എ.ഡി.എഫ്- നോഡൽ ഓഫീസർ മുഖേന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ?

പദ്ധതി /പദ്ധതിയേതര ചെലവുകളുടെ വിശദാംശം.

4695. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2015-2016 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കുമായി വകയിരുത്തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയുംചെയ്ത തുകയിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാക്കാതെ ട്രഷറിയിൽ കിടക്കുന്നത് ; വിശദാംശം നൽകുമോ

(ബി) 2011-2012 മുതൽ 2015-2016 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതി യേതര ചെലവുകളിലും പിന്നോക്കം നിൽക്കുന്ന വകുപ്പുകൾ ഏതെല്ലാം; വിശദാംശം നൽകുമോ;

## ചരക്ക് സേവന നികുതി

4696. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

T 4697. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് മുൻപ് തന്നെ ശമ്പള കമ്മീഷൻ ശിപാർശകൾ വാർത്താമാധ്യമങ്ങളിൽ പ്രചരിക്കാൻ ഇടയായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മീഷന്റെ ശിപാർശകൾ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുൻപ് വാർത്താമാധ്യമങ്ങൾക്ക് നൽകിയത് ഉചിതമായോയെന്നു വ്യക്തമാക്കുമോ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് ഏകദേശം പൂർത്തിയായെന്ന വാർത്ത മാധ്യമങ്ങളിൽ പ്രചരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം റിപ്പോർട്ട് വാങ്ങി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

## കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

4698. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങി നാളിതുവരെ ആയിട്ടും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ;

(സി) യൂണിറ്റിനായി എത്ര തുക അനുവദിച്ചിരുന്നു ;നിർവ്വഹണ ചുമതലയും നിർമ്മാണവും നിക്ഷിപ്തമായിട്ടുള്ളത് ആരിലാണ് ;

(ഡി) യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ?

## സാമ്പത്തിക പ്രതിസന്ധി പൊതുകടം

4699. **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**ശ്രീമതി.ഗീതാ ഗോപി**

ശ്രീ.വി.എസ്.സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതു വിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം, മൊത്തം എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷാരംഭത്തിൽ പൊതു വിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം</u>

4700. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയ തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി ലഭ്യമാക്കുന്നതിനുള്ള ഫയൽ (E.No. 26609) നോഡൽ ബി. സെക്ഷനിൽ നിന്നും ബഡ്ജറ്റ് വിഭാഗത്തിന് നൽകിയിട്ടും നാളിതുവരെയായി നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ ബഡ്ജറ്റ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

<u>പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ .</u>

4701. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ കെ.എസ്.ആർ.ടി.സി ഉൾപ്പെടെ വിവിധ ബോർഡ് കോർപ്പറേഷനിൽ നിന്നും നിയമിക്കപ്പെടുന്നവരുടെ പ്രതിമാസ പി.എഫ്, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ മാതൃസ്ഥാപനത്തിലേക്ക് ഡി .ഡി ചാർജ്ജ് മുഖേന ഇവരിൽ നിന്നും ഈടാക്കിയാണോ അയച്ചുവരുന്നത്;

(ബി) പ്രസ്തുത സമ്പ്രദായം മാറ്റി ഇ-ട്രാൻസ്ഫർ മുഖേന ഇത്തരം ഇടപാടുകൾ നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ജീവനക്കാർക്ക് നഷ്ടം വരുത്തുന്ന പഴയ സമ്പ്രദായം തുടരാതെ പ്രസ്തുത ഇടപാടുകൾ ഇ-ട്രാൻസ്ഫർ മുഖേനയാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>സർക്കാർ ഫണ്ടുകൾ</u>

4702. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ട്രഷറികളിൽ വരേണ്ട പണം പുതിയ സമ്പ്രദായപ്രകാരം ബാങ്കുകളിലേയ്ക്ക് മാറ്റുന്നുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്നും ഇതിന്റെ ഗുണമെന്താണെന്നും വ്യക്തമാക്കാമോ?

പദ്ധതികളുടെ പൂർത്തീകരണം

4703. ശ്രീ.ജി.സുധാകരൻ
,, കെ.വി.വിജയദാസ്
ഡോ.കെ.ടി.ജലീൽ
ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം , സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം വിലയിരുത്താറുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗികതകൾ പാലിക്കാതെ വിഭാവനം ചെയ്യുകയും കൺസൽട്ടൻസിയെ നിയമിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചതിനുശേഷം അപ്രായോഗിക പദ്ധതിയെന്ന പേരിൽ ഉപേക്ഷിക്കുകയും ചെയ്യുന്നതുമൂലം കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ ധനം ദുർവ്യയം ചെയ്യപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ?

ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ

T 4704. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ എന്നുമുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) മുൻകാല പ്രാബല്യം നൽകുന്നകാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം നല്കാമോ?

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

4705. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പ്രൊപ്പോസൽ ലഭിച്ചത് ;

(ബി) ഈ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ധനകാര്യ വകുപ്പിലെ ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 87682/DEV എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) ആയതിന്റെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ ?

സംസ്ഥാനത്തിന്റെ പൊതുകടം

4706. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(ബി) 2015 ജൂൺ 30 ന് സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ് ;

(സി) 2006-2007 മുതൽ 2014-2015 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും റവന്യൂ വരുമാനം എത്രയായിരുന്നു ;

(ഡി) 2006-2007 മുതൽ 2014-2015 വരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച കേന്ദ്ര ധനസഹായം എത്രയായിരുന്നു ;വിശദാംശം വ്യക്തമാക്കുമോ?

<u>കടുത്തുരുത്തി ട്രഷറി ബിൽഡിംഗ് നിർമ്മാണം</u>

4707. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ട്രഷറി ബിൽഡിംഗ് സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് ട്രഷറി വകുപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും വേഗം ഡി. പി. ആർ. സമർപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഫയൽ നമ്പർ. 103240/ഐ. & പി. ഡബ്ല്യു.ഡി./ഫിൻ./2014 -ന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ?

<u>ശ്രീ. വിജിഷ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായത്തിനായി സമർപ്പിച്ച അപേക്ഷ</u>

4708. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ പന്തലായനി വില്ലേജ് പരിധിയിൽ താമസിക്കുന്ന ശ്രീ. വിജിഷ് 'അളാരി' വീട് എന്നയാൾ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) രോഗബാധിതനായ ഇദ്ദേഹത്തിന് ഇതുവരെയും ചികിത്സ ആനുകൂല്യം ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>കാരുണ്യ പദ്ധതി .</u>

4709. ശ്രീ.ബാബു എം. പാലിശ്ശേരി

,, ബി.സത്യൻ

,, എ.എം. ആരിഫ്

,, എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ;

(ബി) അടിയന്തര സാഹചര്യങ്ങളിൽ, ഹൃദയശസ്ത്രക്രിയ ഉൾപ്പെടെയുള്ളവയ്ക്ക് ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ടയാളുകൾക്ക് കാരുണ്യയിൽ മുൻകൂട്ടി അപേക്ഷിക്കാൻ സാധിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) രോഗത്തെ തുടർന്ന് ആശുപത്രികളിൽ എത്തുകയും ഉടൻ ശസ്ത്രക്രിയയ്ക്ക് വിധേയമാകുകയും ചെയ്തവരുടെ കാര്യത്തിൽ, കാരുണ്യ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ; ചികിത്സയ്ക്ക് ശേഷം ബില്ലുകളുമായി കാരുണ്യ ആപ്പീസിലെത്തുന്ന പാവപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന

സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) അത്തരം കേസുകളിൽ അപേക്ഷ നൽകുന്നതിലെ കാലതാമസം ഇളവ് ചെയ്തു കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ?

## കാരുണ്യ ചികിത്സാ പദ്ധതി

4710. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, കെ.അജിത്

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായത്തിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടോ ; എങ്കിൽ മൊത്തം എത്ര അപേക്ഷകൾ എത്ര ; ഓരോ ജില്ലയിലും എത്ര ; വ്യക്തമാക്കുമോ ;

(സി) കാരുണ്യ ചികിത്സാ പദ്ധതിയുടെ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

## മംഗലാപുരം ആശുപത്രിയിലെ ചികിത്സക്ക് കാരുണ്യ ധനസഹായം

4711. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ രോഗികൾ ആശ്രയിക്കുന്ന മംഗലാപുരം ആശുപത്രിയിലെ ചികിത്സക്ക് കാരുണ്യ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.എഫ്. ഇ.യുടെ പ്രവർത്തന പുരോഗതി

4712. ശ്രീ.ടി.എൻ. പ്രതാപൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്. ഇ.യുടെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതി നേടിയിട്ടുണ്ട്;

(ബി) കെ.എസ്.എഫ്. ഇ.യുടെ ബിസിനസ്സ് ടേൺ ഓവർ എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) കെ.എസ്.എഫ്. ഇ.യുടെ നിക്ഷേപത്തിലും ലാഭത്തിലും എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഇ. യിലെ നിയമനങ്ങളിലെ നിഷ്പക്ഷത

4713. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യിൽ ജനറൽ മാനേജർ തസ്തികയിൽ ഓപ്പൺ വേക്കൻസി നിലവിലുണ്ടോ; എങ്കിൽ അതിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ യിൽ ജനറൽ മാനേജർ തസ്തികയിലെ നേരിട്ടുള്ള നിയമനം നിലവിലുള്ള ഉദ്യോഗസ്ഥർക്കായി വകമാറ്റാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലെ നേരിട്ടുള്ള നിയമന നടപടികൾ മറികടന്ന് കമ്പനി ഉദ്യോഗസ്ഥരെത്തന്നെ നിയമിക്കുന്നത് തൊഴിലന്വേഷകരുടെ അവസരം നഷ്ടപ്പെടുത്തുമെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) നിയമന കാര്യങ്ങൾ നിഷ്പക്ഷമായി നടത്തുന്നതിനും പ്രാവീണ്യമുള്ളവരെ നിയമിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ-പേയ്മെന്റ്

4714. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചത് ;

(സി) പ്രസ്തുത സംവിധാനവുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

കമ്പ്യൂട്ടർ വൽക്കരണം

4715. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, കെ.ശിവദാസൻ നായർ

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ടോ;

(ബി) ഇത് വഴി വകുപ്പിന്റെ പ്രവർത്തനം എത്ര മാത്രം മെച്ചപ്പെട്ടിട്ടുണ്ട്;

(സി) ഇൻഷ്വറൻസ് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നൽകിയ വായ്പയും കുടിശ്ശികയും

4716. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.യിൽ നിന്നും വിവിധ സംരംഭങ്ങൾക്കായി എത്രകോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് പേരു സഹിതം വിവരിക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വായ്പ ഏതുസംരംഭത്തിനാണ് നൽകിയത് ; തുക എത്ര ; എന്നാണ് നല്കിയത് ;

(സി) ഏറ്റവും കൂടുതൽ വായ്പ കുടിശ്ശിക വരുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ ഏതാണ് ; വിവരിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിവരിക്കുമോ ?

നിക്ഷേപ താൽപര്യ നിയമം നടപ്പിലാക്കാൻ നടപടി

4717. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡിപ്പോസിറ്റ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ബിൽ നിയമമായി നടപ്പിൽ വന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിക്ഷേപകരെ സംരക്ഷിക്കുവാൻ മറ്റ് ഏതെങ്കിലും ബിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പള വർദ്ധനവ്

4718. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പളം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗത്തിന്റെയാണെന്നും കുടിശ്ശികയിനത്തിൽ ഓരോരുത്തർക്കും എത്ര തുക ലഭിക്കുമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഭവന നിർമ്മാണ ബോർഡിന്റെ ഫ്ളാറ്റ് കൈമാറ്റം

4719. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിയിലെ ഭവന നിർമ്മാണ ബോർഡിന്റെ ഫ്ളാറ്റ് സമുച്ചയത്തിലെ അപ്പാർട്ടുമെന്റുകൾ, അവ വിലയ്ക്ക് വാങ്ങിയവരുടെ പേർക്ക് കൈമാറ്റം ചെയ്തു കൊടുക്കാത്തത് എന്തുകൊണ്ടാണെന്നും, ആയത് എന്നത്തേക്കു കൈമാറ്റം ചെയ്തു കൊടുക്കുമെന്നും, പ്രസ്തുത കൈമാറ്റം നിർവ്വഹിക്കുവാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഭവന പദ്ധതികൾ

4720. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതിക്കായി ഇക്കഴിഞ്ഞ 2 വർഷം ബജറ്റ് വിഹിതമായി അനുവദിച്ച തുക എത്രയാണ്; ഇതുപയോഗിച്ച് എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭൂരഹിത-ഭവന രഹിതർക്കായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്കായി എത്ര തുകയാണ് 2013-14, 2014-15, 2015-16 ബജറ്റുകളിൽ നീക്കിവെച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏതൊക്കെ സ്ഥലങ്ങളിൽ ഈ പദ്ധതി അനുവദിച്ചിട്ടുണ്ട്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതിയടക്കം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വീട്ടുപണി പൂർത്തിയാക്കാൻ പ്രത്യേക പദ്ധതി

T 4721. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും വീട് വയ്ക്കുവാൻ നൽകുന്ന തുക തികയാത്തതിനാൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ നിരവധി പേർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരക്കാരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

സാഫല്യം ഭവന നിർമ്മാണ പദ്ധതി

4722. ശ്രീ.ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, പി.സി വിഷ്ണുനാഥ്

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഫല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഹൗസിംഗ് ബോർഡിന്റെ ഫ്ലാറ്റ്,വില്ല സംരംഭങ്ങൾ

4723. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൗസിംഗ് ബോർഡ് പുതിയതായി എവിടെയൊക്കെ ഫ്ലാറ്റ്, വില്ല മുതലായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പദ്ധതികൾക്കായി ഹൗസിംഗ് ബോർഡ്എവിടെയൊക്കെ സ്ഥലം എടുത്തിട്ടുണ്ടെന്നും എത്ര ഏക്കർ വീതമെന്നും വിശദമാക്കുമോ?

ഭവനനിർമ്മാണ ബോർഡിന്റെ കോമ്പൗണ്ടിൽ അനധികൃത കയ്യേറ്റം

4724. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിക്കു സമീപം സ്ഥിതി ചെയ്യുന്ന സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിൽ ഭവന നിർമ്മാണബോർഡ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവരുടെ അനുമതി തേടാതെ ഏതാനും ചിലർ ചേർന്ന് അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി കാർ ഷെഡ്ഡുകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു പൊളിച്ചുമാറ്റാനും ഈ അനധികൃത നിർമ്മാണം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

മെട്രോപോളിറ്റൻ നഗരങ്ങളിൽ സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന ഹൗസിംഗ് കോംപ്ലക്സുകൾ

4725. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന കേരളത്തിലെ മെട്രോപോളിറ്റൻ നഗരങ്ങളിൽ കൂടുതൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഹൗസിംഗ് ബോർഡിനെ, കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ജീവനക്കാർക്കായുള്ള ഭവന പദ്ധതി

4726. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ , പൊതുമേഖലാസ്ഥാപന ജീവനക്കാർക്കു വേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും പൂർണ്ണ രൂപത്തിൽ വിശദമാക്കാമോ ?

സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ

4727. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ നയങ്ങളോ പദ്ധതികളോ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പുതിയ നയം/പദ്ധതിയുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ ഇൻഡസ്ട്രിയൽഎസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നയത്തിന്റെ/പദ്ധതിയുടെ ഭാഗമായി എത്ര വ്യവസായ എസ്റ്റേറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഇ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും എവിടേക്കെല്ലാമെന്നും വിശദമാക്കുമോ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആർക്കെല്ലാം എവിടെയെല്ലാം എസ്റ്റേറ്റ് ആരംഭിക്കാൻ അനുമതി നൽകിയെന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട അനുമതി പത്രം/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) എത്ര വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്?

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ

4728. ശ്രീ.വർക്കല കഹാർ

,, പി.എ.മാധവൻ

,, അൻവർ സാദത്ത്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതു പ്രകാരം ജനങ്ങൾക്ക് ലഭിക്കുന്നത്?

കുപ്പിവെള്ള മൊത്ത വിതരണ കമ്പനികൾ ഗുണനിലവാരവും വില നിലവാരവും നിയന്ത്രിക്കാൻ നടപടി

T 4729. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ലഭ്യമാകുന്ന കുപ്പിവെള്ളങ്ങളുടെ മൊത്ത വിതരണ കമ്പനികൾ ഏതെല്ലാമെന്നും ഇവയിൽ ഏതെല്ലാം കമ്പനികൾക്ക് ജലവകുപ്പ് വിതരണ അനുമതി നല്കിയെന്നും അനുമതിയില്ലാതെയും യാതൊരു സർട്ടിഫിക്കറ്റുകൾക്കും പരിശോധനകൾക്കും ഭാഗമാകാതെയും വിതരണം ചെയ്യുന്ന കമ്പനികൾ, ഏതെല്ലാമെന്നും ഇവയെ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) കുടിവെള്ളത്തിന് എന്തെല്ലാം സർട്ടിഫിക്കറ്റാണ് വേണ്ടത് എന്ന വകുപ്പു നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കുടിവെള്ളത്തിന് വില നിശ്ചയിക്കുന്നത് ആരാണെന്നും ഇതിന് ജലവകുപ്പ് എന്തു നടപടി സ്വീകരിച്ചുവെന്നും കുപ്പിവെള്ളം വിതരണം ചെയ്യുമ്പോൾ അതിന് മിനിമം വില ഈടാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വകുപ്പ് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തുടനീളം ജലവകുപ്പിൽ കീഴിൽ സർക്കാർ സ്രോതസ്സുകൾ ഉപയോഗിച്ച് കുറഞ്ഞ വിലയിൽ കുപ്പിവെള്ളം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ;

(ഇ) സ്വകാര്യ കുപ്പിവെള്ളത്തിന് ഗുണനിലവാരവും സർക്കാർ നിശ്ചയിച്ച വിലയും ഉറപ്പു വരുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഐ.ടി. പാർക്കുകൾ

4730. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര ഐ. ടി. പാർക്കുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കൂടുതൽ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഐ. ടി. പാർക്കുകളിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതു മേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം

4731. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതു മേഖലാ സ്ഥാപനങ്ങളാണ് ലാഭവിഹിതം സർക്കാരിന് നൽകിയിട്ടുള്ളത് ; ഓരോ സാമ്പത്തിക വർഷവും തരംതിരിച്ച് അറിയിക്കാമോ ?

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് ഡെപ്യൂട്ടേഷൻ

4732. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും കേരള ആട്ടോ മൊബൈൽ ലിമിറ്റഡിൽ നിന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് എത്രപേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവരെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് അബ്സോർബ് ചെയ്യാൻ കെ.എസ്.ഐ. ഇ. ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം അബ്സോർബ് ചെയ്യുന്നതിന് തീരുമാനം എടുത്ത തസ്തികകൾ സർക്കാർ അംഗീകരിച്ച തസ്തികകൾ ആണെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ ?

സംരംഭക വികസന മിഷൻ

4733. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പുതു തലമുറയ്ക്ക് സംരംഭക വികസന മിഷൻ വഴി എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാവുക; പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംരംഭക വികസന മിഷൻ

4734. ശ്രീ.പി.എ.മാധവൻ
,, കെ.ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭക വികസന മിഷൻ പലിശ രഹിത വായ്പ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചത്;

(സി) ഇത് വഴി പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്കാണ് തൊഴിൽ ലഭിച്ചത് വ്യക്തമാക്കുമോ ;

മന്ത്രി മാരുടെ വാഹനം

4735. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പ് വഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരുവിവരവും അതിനായി നീക്കിവച്ചതുകയും ചെലവും സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയെന്ന് പറയാമോ; അവയുടെ പേര് വിവരം നല്കമോ ;

<u>വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ</u>

4736. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയത്; സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ എന്നിവ എത്ര തുക വീതമാണ് പ്രസ്തുത പദ്ധതികളിൽ നിക്ഷേപിച്ചത്?

<u>വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി</u>

4737. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ വ്യവസായ മേഖലയ്ക്കുണ്ടാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ ധനസമാഹരണം എപ്രകാരമാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>വ്യവസായ പാർക്കുകൾ</u>

4738. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ഇവ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) ഇവയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായെന്ന് വിവരിക്കുമോ;

(ഡി) കോട്ടയം ജില്ലയിൽ എവിടെയെങ്കിലും പുതിയതായി വ്യവസായ പാർക്ക് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ?

<u>ഡിഫൻസ് പാർക്ക്</u>

4739. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഡിഫൻസ് പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഡിഫൻസ് പാർക്കിൽ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ ധനസമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

കിൻഫ്ര പാർക്ക്

4740. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ വില്ലേജിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ .

4741. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2012- 13, 2013- 14 വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും പിന്നീട് നഷ്ടം വരുത്തിയതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവയുടെ മുൻ വർഷങ്ങളിലെ ലാഭവും, പിന്നീട് ഉണ്ടായ നഷ്ടവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ധനസഹായം നൽകിയ സ്ഥാപനങ്ങൾ ഉണ്ടോ എന്നും എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കു നൽകിയ ധനസഹായം എത്രയെന്നും സഹായം നൽകിയതിനു ശേഷമുള്ള പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥിതിയും വ്യക്തമാക്കുമോ?

അളവക്കൽ സ്മാരക വിവേഴ്സ് സൊസൈറ്റിയുടെ സ്ഥലം കൈമാറ്റം

4742. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ജില്ലയിലെ പോറോട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടവും സ്ഥലവും പോറോട് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലിന്മേൽ വ്യവസായ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്ത പ്രസ്തുത വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും വാല്യുവേഷൻ എടുത്തിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഗ്രാമപഞ്ചായത്തിന് സ്ഥലവും കെട്ടിടവും കൈമാറുന്നതിൽ കാലവിളംബം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്താമോ ;

(സി) സ്ഥലം കൈമാറുന്നതിന് വ്യവസായ വകുപ്പുമായുള്ള ധാരണയനുസരിച്ച് പഞ്ചായത്ത് അതിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിരിക്കെ, സർക്കാർ അനുമതി താമസിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥയ്ക്കും പരിഹാരം നീണ്ടുപോകുകയാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അനുമതി നൽകുമോ ?

പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലവസരങ്ങൾ

4743. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16ലെ ബജറ്റ് പ്രസംഗത്തിൽ 108-ാം ഇനമായി 10 കോടി രൂപ പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്ന പ്രവൃത്തികൾ

4744. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുക്കാറുണ്ടോ ;

(ബി) എങ്കിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്താണെന്ന് വിശദമാക്കാമോ ;

(സി) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തി സിൽക്ക് ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിനുള്ള പ്രായപരിധി

4745. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിൽ പ്രായപരിധി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ പ്രായപരിധി കഴിഞ്ഞയാൾ എം.ഡി. യായി തുടരുന്നുണ്ടോ ;

(സി) കെൽ എന്ന സ്ഥാപനത്തിലെ എം.ഡി യുടെ പ്രായം എത്രയെന്ന് വ്യക്തമാക്കുമോ ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പെയ്മെന്റ്

4746. ശ്രീ.പി.എ.മാധവൻ
,, എ.റ്റി.ജോർജ്
,, പാലോട് രവി
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്നു വിശദമാക്കുമോ ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെൻഡർ സംവിധാനം

4747. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത്;വ്യക്തമാക്കാമോ?

<u>മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്ക്</u>

4748. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂരിലെ കിൻഫ്രാ വ്യവസായ പാർക്കിന് ഭരണാനുമതി നൽകിയത് എന്നാണ്;

(ബി) പാർക്കിന്റെ ആകെ പ്രോജക്ട് എസ്റ്റിമേറ്റ് എത്രയാണ്;

(സി) കേന്ദ്ര ധനസഹായത്തിനായി എത്ര തുകയുടെ പ്രോജക്ടാണ് സമർപ്പിച്ചത്;

(ഡി) കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ച പ്രോജക്ടിന് അനുമതി ലഭിക്കുകയുണ്ടായോ;

<u>കാസർഗോഡ് ജില്ലയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി</u>

4749. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>വ്യവസായശാലകൾ</u>

4750. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച വ്യവസായശാലകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് കണക്കുകൾ നൽകാമോ;

(സി) കാസർകോട് ജില്ലയിൽ പുതിയ വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കെൽട്രോണിലെ കരാർ തൊഴിലാളികൾ</u>

4751. ശ്രീ.കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷമായി ജോലി ചെയ്യുന്ന എത്ര തൊഴിലാളികളുണ്ട്; പത്ത് വർഷത്തിൽ കുറവ് സർവ്വീസുള്ള കരാർ തൊഴിലാളികൾ എത്ര പേരുണ്ട്;

(ബി) കെൽട്രോണിൽ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) കെൽട്രോണിലെ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ എന്ത് നയസമീപനമാണ് സ്വീകരിക്കുന്നത്?

<u>മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട്മെന്റ്</u>

4752. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി എത്ര പേർക്ക് മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുളള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മുൻഗണനാ ലിസ്റ്റ് തെറ്റിച്ചതിന്റെ പേരിൽ എത്ര കേസുകൾ വിവിധ കോടതികളിൽ നടക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്യാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കാമോ?

<u>നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

4753. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 30 എണ്ണവും നഷ്ടത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ചവറയിലെ കേരള മിനറൽസ് മെറ്റൽസ് പോലും ഇന്ന് നഷ്ടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ ; ഇത് സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണെന്ന് കരുതുന്നുണ്ടോ; വിശദീകരണം നൽകുമോ?

<u>വാതകവിതരണത്തിനുള്ള പൈപ്പ് ലൈൻ</u>

4754. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,, സി.കൃഷ്ണൻ**

**,, പി.കെ.ഗുരുദാസൻ**

**,, ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതകവിതരണത്തിനുള്ള പൈപ്പ് ലൈൻ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകാത്തത് സംസ്ഥാനത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആഗോള വിപണിയിൽ എൽ.എൻ.ജി യുടെ വില വൻതോതിൽ താഴ്ന്നിരിക്കുന്ന സമയത്തും അത് സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തിക</u>

4755. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (സ്റ്റെനോ ഗ്രാഫർ) തസ്തികകളുടെ ഒഴിവുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്ന രീതി എങ്ങനെയാണ്; എന്തെല്ലാം യോഗ്യതയാണ് ഇതിന് നിഷ്കർഷിച്ചിരിക്കുന്നത്;

(സി) സർക്കാർ സർവ്വീസിൽ നിലവിൽ ജോലി ചെയ്തുവരുന്ന യോഗ്യതയുള്ള ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (സ്റ്റെനോഗ്രാഫർ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന ജി.ഒ (എം.എസ്) നം: 288/71/പി.ഡി തീയതി 01.09.71 എന്ന ഉത്തരവ് ഈ വകുപ്പിന് ബാധകമാണോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ടൈപ്പിസ്റ്റുമാർക്ക് ആർക്കെങ്കിലും ഈ ഉത്തരവിൻ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരുവിവരം വെളിപ്പെടുത്താമോ;

(ഇ) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരായി നിയമനത്തിന് ടൈപ്പിസ്റ്റുമാർ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത

4756. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മാനേജീരിയൽ തസ്തികയിൽ ജോലി ചെയ്തു വരുന്നവർക്ക് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ എം.ഡി. , ജി.എം. എന്നീ തസ്തികകളിൽ ജോലി ചെയ്തു വരുന്നവരുടെ വിദ്യാഭ്യാസ യോഗ്യത വിശദമാക്കുമോ ;

(സി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ ?

കൈത്തറിമേഖലയിലുണ്ടായ പുരോഗതി

4757. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പാക്കിയ പരിപാടികളുടെ അടിസ്ഥാനത്തിൽ, കൈത്തറിമേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണ സംഭരണ മേഖലയിൽ വനിത വ്യവസായികൾ

4758. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളുടെ സംഭരണം വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷ്യ സംസ്കരണ സംഭരണ മേഖലയിൽ വനിത വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായങ്ങൾ തുടങ്ങുന്നതിനുമായി ഏതെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് വിശദാംശം ലഭ്യമാക്കാമോ;

(സി) കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനും മറ്റുമായി എത്ര

രൂപയാണ് നീക്കിവച്ചത്; അതിൽ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു; 1/7/2011 മുതൽ 30/6/2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>വ്യവസായ- വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം</u>

4759. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ-വാണിജ്യവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ആകെ എത്ര തസ്തികകളാണ് ഉള്ളത്; ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെല്ലാം രീതിയിലാണ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് ; വ്യക്തമാക്കാമോ;

(സി) വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ഡി) ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് വിവിധ വകുപ്പുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള (GO(Ms)No.288/71/PD,Dated 1.9.71) വ്യവസായ-വാണിജ്യ വകുപ്പിന് ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഈ ഉത്തരവ് പ്രകാരം നാളിതുവരെ എത്ര ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(എഫ്) വ്യവസായ-വാണിജ്യവകുപ്പ് ഡയറക്ടേറ്റിൽ ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യുന്ന ശ്രീമതി ആതിര.ജി കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിയ്ക്കുന്നതിനായി 2014 മാർച്ചിൽ സമർപ്പിച്ച അപേക്ഷ യിന്മേൽ (ഫയൽ നമ്പർ 13666/14)എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ജി) ശ്രീമതി ആതിര.ജി. -യ്ക്ക് സ്ഥാനക്കയറ്റം ലഭ്യമാകുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കാമോ?

<u>പാർപ്പിട നിർമ്മാണ വസ്തുക്കളുടെ ലഭ്യത</u>

4760. **ശ്രീ.ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർപ്പിട നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ സിമന്റ് നിർമ്മാതാക്കൾ തെറ്റായ കച്ചവട രീതികൾ അവലംബിക്കുന്നത് മൂലം സംസ്ഥാനത്ത് സിമിന്റിന്റെ ലഭ്യതയിൽ കുറവുണ്ടാകുന്നതും വില അനിയന്ത്രിതമായി ഉയരുന്നതുമായ സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ ഖനനങ്ങൾക്ക് നൽകിയ അനുമതി</u>

4761. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം ഖനനങ്ങൾക്കാണ് സർക്കാർ വകുപ്പുകളുടെ അനുമതികൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനം അനധികൃതമായി ഖനനം നടത്തുന്നത് ഏതു നിയമത്തിന്റെ പിൻബലത്തിലാണെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ ഖനനം നടത്തുന്ന സ്ഥാപന

മേലധികാരിക്കെതിരെ ശിക്ഷണ നടപടി എടുക്കാനുള്ള കാലതാമസമെന്തെന്നു വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് ബോക്സൈറ്റ് ഖനനം</u>

4762. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ കരിന്തളത്ത് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് കെസിസിപിഎൽ ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കെസിസിപിഎൽ ന് ബോക്സൈറ്റ് ഖനനത്തിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ</u>

T 4763. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്വാറികളാണ് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>നെയ്ത്ത് തൊഴിലാളികൾക്ക് നല്കിയ സഹായങ്ങൾ</u>

4764. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**

**,,** അൻവർ സാദത്ത്

**,,** സണ്ണി ജോസഫ്

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എന്തെല്ലാം പാക്കേജ് ആണ് ഇതിനായി നടപ്പാക്കിയത് ; വിശദമാക്കുമോ ;

(സി) ആർക്കെല്ലാമാണ് പാക്കേജ് വഴി സഹായങ്ങൾ ലഭിച്ചത് ;

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് ലഭിച്ചത് ; വിശദമാക്കാമോ ?

<u>സ്മാർട്ട് സിറ്റി പ്രവർത്തന സജ്ജമാക്കാൻ നടപടി</u>

4765. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ;എത്ര വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നത് ;എത്രത്തോളം നിർമ്മാണമാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത് ;നിർമ്മാണം പൂർത്തീകരിക്കുമ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് സ്മാർട്ട് സിറ്റിയിൽ ഉണ്ടാവുക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ;

(ബി) ഇതിനോടകം എത്ര കമ്പനികളാണ് ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾക്കായി ഇവിടം

തെരെഞ്ഞെടുത്തത് എന്നും എത്ര പേർക്ക് തൊഴിൽ ലഭ്യമായി എന്നും വിശദമാക്കുമോ ;

(സി) മറ്റ് ഏതൊക്കെ വ്യവസായ സംരംഭങ്ങളാണ് ഇവിടെ ആരംഭിക്കാൻ സ്മാർട്ട് സിറ്റി കമ്പനിയുമായി ധാരണയിലെത്തിയിട്ടുള്ളത് എന്നും ഇവയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നും വിശദമാക്കാമോ ?

ഇ-ഓഫീസ് സംവിധാനം

4766. ശ്രീ.ബെന്നി ബെഹനാൻ

,, കെ.അച്ചുതൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം പൂർണ്ണമാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത്;വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഐ.ടി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദമാക്കാമോ?

മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം

4767. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജനസേവന കേന്ദ്രത്തിന്റെ വൈദ്യുതിബിൽ അടക്കാത്ത കാരണത്താൽ കേന്ദ്രത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ വേതനം, ദൈനംദിന ഓഫീസ് പ്രവർത്തനത്തിനുള്ള ഫണ്ട്, ഫോൺ ബിൽ എന്നിവയ്ക്കായി എത്ര തുകയാണ് നടപ്പ സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ളത് ;

(സി) ഇതു വിതരണം ചെയ്യുന്നതിനുള്ള കാലതാമസം മൂലം ഓഫീസ് അടച്ചു പൂട്ടേണ്ട സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൊതുജനങ്ങൾക്ക് വളരെയധികം സഹായകരമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം തടസ്സപ്പെടാത്തവിധം ആവശ്യമായ ഫണ്ട് എത്രയുംവേഗം വിതരണം ചെയ്യുമോ ;

മലപ്പുറം ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ

4768. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കഴിഞ്ഞ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആകെ എത്ര അപേക്ഷകരാണുണ്ടായിരുന്നത്; ഇവർക്ക് എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയിട്ടുണ്ടോ; ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) റാങ്ക്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇവർക്ക് കിട്ടിയ മാർക്ക് കൂടി ചേർത്താണോ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ;

(ഇ) മലപ്പുറം ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>മാവേലിക്കര മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ</u>

4769. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയകേന്ദ്രങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ ഏതൊക്കെയെന്നും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസ് എത്രയെന്നും വിശദമാക്കുമോ?

<u>ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി</u>

4770. **ശ്രീ.കെ.അച്ചുതൻ**

**,,** പി.എ.മാധവൻ

**,,** ടി.എൻ. പ്രതാപൻ

**,,** ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ;

(ഡി) ഇതിനായി ഐ.ടി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>'ഗോത്രജ്യോതി'പദ്ധതി</u>

4771. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഗോത്രജ്യോതി'പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് ഈ വർഷം എത്ര കുട്ടികളെ സ്കൂളിലെത്തിച്ചു; എതെല്ലാം പട്ടിക വർഗ്ഗ കോളനികളിൽ നിന്നാണ് കുട്ടികളെ സ്കൂളിലെത്തിച്ചത്?

<u>അതിരപ്പിള്ളി കാടർ വിഭാഗത്തൽപ്പെട്ടവരുടെ ക്ഷേമം</u>

4772. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തൽപ്പെട്ടവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി പ്രകാരം അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസിമേഖലയിലെ കാടർ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(ബി) പദ്ധതിയുടെ വിശദവിവരങ്ങളും, പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ യാതൊരു സുതാര്യതയും ഇല്ലായെന്നും വലിയ അഴിമതിയാണ് ഇതിന്റെ പിന്നിലുള്ളതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതന്വേഷിച്ച് അഴിമതി ഒഴിവാക്കി പദ്ധതി സുതാര്യമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## ആറളം, അട്ടപ്പാടി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

4773. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം, അട്ടപ്പാടി മേഖലകളിലെ അടിസ്ഥാന സൗകര്യവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനായി 'NABARD, NABCON' എന്നിവയുടെ ഉപദേശകവിഭാഗം തയ്യാറാക്കുന്ന പദ്ധതിയ്ക്ക് 5 കോടി രൂപ മാറ്റിവെച്ചിട്ടുണ്ടോ ; ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

## മാതൃകാ കോളനി നിർമ്മാണം

4774. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികളുടെ നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് എന്നറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഏകീകൃത തിരിച്ചറിയൽ കാർഡ്

4775. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ബെന്നി ബെഹനാൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് എന്നറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## മോഡൽ കോളനി വികസന പദ്ധതി

4776. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ കോളനി വികസന പദ്ധതിയിലുൾപ്പെട്ട കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടിക വർഗ്ഗകോളനിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

<u>വയനാട് ജില്ലയിലെ ഭവനരഹിതരായ കുടുംബങ്ങൾ</u>

4777. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ചു ലഭ്യമാക്കാമോ?

<u>സർക്കാർ ജോലി ലഭിച്ച പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം</u>

4778. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഓരോ വർഷവും എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുകൾക്ക് സർക്കാർ ജോലി ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>തൊഴിൽ രഹിതരായ പട്ടികജാതി കുടുംബത്തിന് ഭൂമി വാങ്ങാൻ പദ്ധതി</u>

4779. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ആദിവാസി ഊരുകളിലെ ലൈംഗിക ചൂഷണം</u>

T 4780. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിലെ ലൈംഗിക ചൂഷണം അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

<u>ആദിവാസി അമ്മമാരുടെ മരണം</u>

4781. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോഷകാഹാരക്കുറവ് മൂലം എത്ര ആദിവാസി അമ്മമാർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള മരണം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പോഷകാഹാരം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ആദിവാസി ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി</u>

4782. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് അനുവദിച്ച ഭവനങ്ങളുടെ നിർമ്മണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്ര ഭവനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; ആയതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സൊസൈറ്റികൾ രൂപീകരിച്ച് ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

<u>ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ</u>

4783. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ വീതം ഉണ്ടെന്ന് പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും അതിന് വിനിയോഗിച്ച തുക എത്രയാണെന്നും വിശദമാക്കാമോ ?

<u>ആദിവാസി കുടുംബങ്ങൾക്ക് വസ്തുവും വീടും</u>

4784. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് സ്വന്തമായി വസ്തുവും വീടും നൽകിയിട്ടുണ്ട് ;

(ബി) വീട് വയ്ക്കുന്നതിന് എന്തെല്ലാം ധന സഹായമാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര ഭൂമിയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ ?

<u>പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായുള്ള പദ്ധതികൾ</u>

4785. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സഹായം എത്ര രൂപയായിരുന്നു; എത്ര രൂപ ഇതുവരെ ലഭിച്ചു; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എത്ര ശതമാനമാണ് പ്രവർത്തന പുരോഗതി;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എത്ര പട്ടിക വർഗ്ഗ കോളനികൾക്ക് ഈ പദ്ധതിയുടെ സഹായം ലഭിച്ചിട്ടുണ്ട്; കോളനികളുടെ പേരും, നടപ്പാക്കിയ പദ്ധതിയും ചെലവായ തുകയും വിശദമാക്കുമോ?

<u>വാച്ചുമരം ആദിവാസി കോളനിയിലെ ക്ഷയരോഗം മൂലമുള്ള മരണങ്ങൾ</u>

4786. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസി കേളനിയിൽ ക്ഷയരോഗം ബാധിച്ച് കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി മേഖലകളിൽ ക്ഷയരോഗം മൂലം ആളുകൾ മരണപ്പെടുന്നത് തടയുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം</u>

4787. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച ചികിത്സാ ധനസഹായം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കക്ക് ഈ സർക്കാർ കാലയളവിൽ നൽകിയ ചികിത്സാ ധനസഹായം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ചികിത്സാ ധനസഹായം അനുവദിച്ചു എന്ന് അറിയിപ്പ് ലഭിക്കുകയും അപേക്ഷകർക്ക് ഇനിയും തുക ലഭിക്കാത്തതുമായ കേസുകൾ ചേർത്തല താലൂക്കിൽ എത്രയെണ്ണമുണ്ടെന്നും അതിനായി നൽകാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വ്യക്തികൾക്ക് തുക ഇനിയും ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; ഈ തുക അടിയന്തരമായി ഇവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ഭവനരഹിതർ</u>

4788. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്; ഇവർക്ക് എന്നത്തേയ്ക്ക് വീട് വച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>കോർപ്പസ് ഫണ്ട് വിനിയോഗം</u>

4789. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ട് മുഖേന പട്ടിക വർഗ്ഗ ക്ഷേമത്തിനായി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

<u>അവിവാഹിതരായ ആദിവാസി അമ്മമാർ</u>

T 4790. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളിൽ എത്ര അവിവാഹിതരായ അമ്മമാരുണ്ടെന്നുള്ള വിവരം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) നിലവിൽ ഇവർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കഴിഞ്ഞ നാലുവർഷ കാലയളവിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ഇവർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) എങ്കിൽ പെൻഷൻ ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നും എത്ര പേർ ഗുണഭോക്താക്കളായെന്നുമുള്ള വിവരം ജില്ല തിരിച്ച് വർഷക്രമത്തിൽ അറിയിക്കുമോ?

<u>പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി</u>

4791. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കുണ്ടംകുഴിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) വകുപ്പിന് ഭൂമി ലഭ്യമായിട്ട് എത്ര വർഷമായി ; പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ; പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

4792. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് ;

(ബി) ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>സ്റ്റുഡന്റ് ഡോക്ടർ പദ്ധതി</u>

4793. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കായി സ്റ്റഡൻഡ് ഡോക്ടർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പട്ടികവർഗ്ഗ മേഖലയിലെ പുതിയ പദ്ധതികൾ</u>

4794. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി എത്ര തുക ചെലവഴിച്ചു; ഇതിലൂടെ ഉണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിഭാഗത്തിൻെറ ക്ഷേമ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ</u>

4795. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൻെറ ക്ഷേമപ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്രപേർ പോഷകാഹാര കുറവ് ബാധിച്ച് ഈ സർക്കാരിൻെറ കാലത്ത് മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഈ സർക്കാരിൻെറ കാലത്ത് ആറ് വയസ് പൂർത്തിയായ എത്ര കുട്ടികൾ വിദ്യാലയങ്ങളിൽ പോയി വിദ്യാഭ്യാസം നേടാത്തവർ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഈ സർക്കാരിൻെറ കാലത്ത് സ്കൂൾ പഠനം പാതി വഴിയിൽ ഉപേക്ഷിച്ചവർ എത്ര പേരെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ഇ) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് എന്തൊക്കെ ചികിത്സാ പദ്ധതികളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം</u>

4796. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ?

(ബി) ആലപ്പുഴ ജില്ലയിൽ ഈ പദ്ധതികളുടെ ഭാഗമായി എത്ര തുക ചെലവഴിച്ചുവെന്നും അത് ഏതെല്ലാം സ്ഥാപനങ്ങൾ മുഖേനയായിരുന്നുവെന്നും വ്യക്തമാക്കുമോ, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി) ചേർത്തല താലൂക്കിലെ എത്ര പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചുവെന്നും അത് ഏതെല്ലാം വിധത്തി ലുള്ളതായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം</u>

4797. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ -എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ</u>

4798. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഭൂമി അനുവദിച്ച് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, പട്ടികവർഗ്ഗക്കാരിയായ അപേക്ഷക മിശ്രവിവാഹിതയാണ് എന്ന കാരണത്താൽ അപേക്ഷ സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരിയായ അപേക്ഷകയ്ക്ക് ഭൂമി നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നു വ്യക്തമാക്കാമോ ;

(സി) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ, മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം പുനഃപരിശോധിക്കുമോ ;

(ഡി) മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) ഇടുക്കി ജില്ലയിൽ മിശ്രവിവാഹിതരായ എത്ര പേരുടെ അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(എഫ്) മിശ്രവിവാഹിതരായവരുടെ അപേക്ഷ വീണ്ടും പരിഗണിച്ച് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>നാടക പരിശീലന കളരി</u>

4799. ശ്രീ.ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിന് യുവജനങ്ങൾക്കായി നാടക പരിശീലന കളരി നടത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാന യുവജനക്ഷേമബോർഡിന് നല്കിയ ഫണ്ട്</u>

4800. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ യുവജനക്ഷേമബോർഡിന് നല്കിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിശദാശങ്ങൾ ലഭ്യമാക്കുമോ;

(സി) യുവജനക്ഷേമബോർഡ് ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) യുവജനക്ഷേമ ബോർഡംഗങ്ങൾ നടത്തിയ വിദേശയാത്രയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## യുവഹരിതം പദ്ധതി

4801. ശ്രീ.ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവഹരിതം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ഗ്രോബാഗ് വിതരണം

4802. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വർദ്ധിച്ചുവരുന്ന മദ്യ, മയക്കുമരുന്ന് ഉപയോഗം കുറയ്ക്കാൻ നടപടി

4803. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യ, മയക്കുമരുന്ന് ഉപയോഗം കണക്കിലെടുത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് യൂത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കമ്മീഷന്റെ ഇടപെടൽ കാരണം മദ്യ, മയക്കുമരുന്ന് ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം,
14-07-2015

സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.